
Deivarajyam August 2016
● R.N.7623/63
Registered No. KL/ALY/0020/2014-2016 ● R.N. 7623/1963
Date of publication: 1/8/2016
● Posted at Thodupuzha Stg.
Annual Subscription 100.00

EPARCHY OF KOTHAMANGALAM

# ദൈവരാജ്യം

കോതമംഗലം രൂപത ബുള്ളറ്റിൻ




വാല്യം 55
ആഗസ്റ്റ് 2016
ലക്കം 8



Printed at Sanjo Offset Press, Kothamangalam
Editor, Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691

# ദൈവരാജ്യം

EPARCHY OF KOTHAMANGALAM

LOVE NEVER ENDS



*Patron*
**Mar George Madathikandathil**
Bishop of Kothamangalam

*Editor, Printer & Publisher*
**Rev. Dr. George Thekkekara**

**വാല്യം 55**
**ആഗസ്റ്റ് 2016**
**ലക്കം 8**

The Eparchial Curia
Bishop's House, P.B. No.6
Kothamangalam - 686 691
Mob. 8281946306
bishophouseklm@gmail.com

## ഉള്ളടക്കം

| | പേജ് |
|---|---|
| സർക്കുലർ | |
| തടവറ പ്രേഷിത ദിനം | 5 |
| ജസ്റ്റീസ് സൺഡേ | 9 |
| രൂപതക്കച്ചേരി | 12 |
| മൈനർ സെമിനാരി | 14 |
| വിജ്ഞാനഭവൻ | 15 |
| വിദ്യാഭ്യാസം | 20 |
| തിരുബാലസഖ്യം | 21 |
| ചെറുപുഷ്പമിഷൻലീഗ് | 22 |
| കെ.സി.എസ്.എൽ. | 26 |
| ദീപിക ഫ്രണ്ട്സ് ക്ലബ്ബ് | 27 |
| യുവദീപ്തി | 28 |
| ജീസസ് യൂത്ത് | 29 |
| ഫാമിലി അപ്പോസ്റ്റലേറ്റ് | 29 |
| മാതൃവേദി | 32 |
| എ.കെ.സി.സി. | 32 |
| എമ്മാനുവേൽ ധ്യാനകേന്ദ്രം | 33 |
| പ്രാർത്ഥനാഗ്രൂപ്പ് | 34 |
| ഡി.സി.എം.എസ്. | 34 |
| അല്മായ ഫ്രാൻസിസ്കൻ സഭ | 35 |
| വിൻസെന്റ് ഡി പോൾ സൊസൈറ്റി | 36 |
| നെസ്റ്റ് പ്രോഗ്രാം | 36 |
| തിരുനാൾ മംഗളങ്ങൾ | 37 |
| വാർത്തയും വിശേഷങ്ങളും | 37 |
| രൂപതാദ്ധ്യക്ഷന്റെ ഡയറി | 38 |
| ബിഷപ്പ്സ് പ്രോഗ്രാം | 41 |
| പ്രാർത്ഥനയിൽ ഓർക്കാം | 41 |
| നിര്യാതരായി | 42 |



## ഓർമ്മിക്കാൻ

### ആഗസ്റ്റ്

1 - 2 - Family Apostolate Animation Meeting
3 - 5 - Pre Marriage Course
5 - 6 - Home Mission Counselling Training Programme
6 - DFC Meeting
13 - DCMS Junior meet
17 - 18 - Young Priests' Seminar
17 - 19 - Pre Marriage Course
25 - 27 - Teachers' Seminar
27 - KSCL സാഹിത്യോത്സവം
26 - 28 - CML Lead 2016

### തിരുനാളുകൾ

| | | |
|---|---|---|
| 01 | : | വി. അൽഫോൻസ് ലിഗോരി |
| 04 | : | വി. ജോൺ മരിയ വിയാനി |
| 05 | : | വി. ശ്മോനിയും ഏഴു മക്കളും |
| 06 | : | നമ്മുടെ കർത്താവിന്റെ രൂപാന്തരീകരണം |
| 08 | : | വി. ഡൊമിനിക് |
| 11 | : | വി. ക്ലാര |
| 12 | : | വി. ശിമയോൻ ബർസാബയും സഹരക്തസാക്ഷികളും |
| 13 | : | വി. മാക്സിമില്യൻ കോൾബേ |
| 15 | : | പരി. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണം |
| 20 | : | വി. പത്താംപീയൂസ് മാർപാപ്പ |
| 21 | : | വി. ബർത്തലോമിയോ ശ്ലീഹ |
| 28 | : | വി. അഗസ്റ്റിൻ |
| 29 | : | വി. എവുപ്രാസ്യ |

Ref: 2967/K-5/KCBC/OL/DS 11.7.2016

## 2016 ആഗസ്റ്റ് 14 ഞായർ തടവറ പ്രേഷിത ദിനം

**കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ജീസസ് ഫ്രട്ടേണിറ്റി നടത്തുന്ന തടവറ പ്രേഷിതപ്രവർത്തനത്തിൽ സഭാമക്കൾ പങ്ക് ചേരുകയെന്ന ആവശ്യകതയെക്കുറിച്ച് പുറപ്പെടുവിക്കുന്ന സർക്കുലർ**

കർത്താവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

സഹതടവുകാരനുവേണ്ടി സ്വജീവൻ ബലിയർപ്പിക്കാൻ മുന്നോട്ടു വന്ന വിശുദ്ധ മാക്സ്മില്യൻ കോൾബേയുടെ തിരുനാളായ ഇന്ന് (ആഗസ്റ്റ്14) തടവറപ്രേഷിത ദിനമായി ആചരിക്കുന്നു. ബന്ധനത്തിൽ കഴിയുന്ന ആളുകളോടും അവരുടെ ക്ലേശിക്കുന്ന കുടുംബാംഗങ്ങളോടും കുറ്റകൃത്യങ്ങൾക്ക് ഇരയായവരുടെ കുടുംബങ്ങളോടും ക്രൈസ്തവർക്ക് ഉണ്ടായിരിക്കേണ്ട കടമകളെക്കുറിച്ച് ചിന്തിക്കാൻ ഈ ദിവസം വിനിയോഗിക്കണം.

ജയിലുകളിൽ കഴിയുന്ന നമ്മുടെ സഹോദരങ്ങളിൽ യേശുവിന്റെ മുഖം കാണണം. ഞാൻ കാരാഗൃഹത്തിലായിരുന്നു, നിങ്ങൾ എന്നെ സന്ദർ ശിച്ചു (മത്താ 25:36) എന്നാണ് യേശു പറയുന്നത്. നമ്മെ നിത്യ സമ്മാന ത്തിന് അർഹരാക്കുന്ന കാരുണ്യപ്രവൃത്തികളിൽ ഒന്നാണിത്. തടവറക്കാ രുടെ കൂടെയാണ് യേശു, പുറത്തല്ല എന്ന് ഫ്രാൻസിസ് മാർപാപ്പാ പറയുന്നത് ചിന്തനീയമാണ്. അനീതി നിറഞ്ഞ വ്യവസ്ഥിതിയുടെ ഫലമായി, ഏറ്റവും ദുർബലർ ശിക്ഷിക്കപ്പെടുകയും വലിയ മത്സ്യങ്ങൾ സ്വതന്ത്രമായി വിഹരിക്കുകയും ചെയ്യുന്നുവെന്നും പാപ്പാ പറയുന്നു. തത്ഫലമായി കർത്താവ് ഇന്നും തടവറയിൽ കഴിയാനിടയാകുന്നു. അവിടന്ന് അന്യായമായി തടവറയിൽ കഴിയേണ്ടി വന്നവനാണല്ലോ!

ഇന്ത്യൻ ജയിലുകളിൽ രണ്ടു ലക്ഷത്തിലേറെ തടവുകാരുണ്ടെന്നാണ് കണക്ക്. വിചാരണത്തടവുകാരിൽ 60-ശതമാനത്തോളം നിരപരാധികളാണെന്നും കണക്കാക്കപ്പെടുന്നു. കേരളത്തിന്റെ കാര്യവും വ്യത്യസ്തമല്ല. തടവുകാരിൽ 1632 ഓളം പേർ ഒരു കുറ്റവും ചെയ്യാതെ ജയിലിൽ കഴിയുന്നവരാണെന്നു മാധ്യമങ്ങൾ രേഖപ്പെടുത്തുന്നു. ജയിലിലുള്ളവരെക്കാൾ കൂടുതൽ ജയിലിലായിരിക്കാൻ കാരണമായവർ പുറത്തായിരിക്കുന്നതിൽ ഫ്രാൻസിസ് മാർപാപ്പാ അത്ഭുതപ്പെട്ടിട്ടുണ്ട്. എല്ലാവർക്കുമുള്ള ദൗർബല്യം ഒന്നുപോലെയാണ്. ജയിലിലുള്ളവർ വീണുപോയവരും നാം വീഴാതിരിക്കുന്നവരുമാകുന്നത് ഒരു വലിയ രഹസ്യമാണ്. ബന്ധനസ്ഥർക്കുവേണ്ടി പ്രാർത്ഥിക്കാനും അവർക്കു ശുശ്രൂഷ ചെയ്യാനും അവരെ സന്ദർശിച്ച് ആശ്വസിപ്പിക്കാനും ഇതു നമ്മെ പ്രേരിപ്പിക്കേണ്ടതല്ലേ?



കുറ്റക്കാരെ കർശനമായി നേരിടണമെന്നും അവർക്കു കഠിനമായ ശിക്ഷ നല്കണമെന്നും ചിന്തിക്കുന്നവരാണ് ഭൂരിഭാഗം ആളുകളും. കുറ്റങ്ങൾ കുറയ്ക്കാൻ അതാണ് വേണ്ടതെന്ന് അവർ കരുതുന്നു. പ്രത്യേകിച്ച്, ആക്രമണത്തിന് വിധേയരായവരുടെ അവകാശങ്ങളോടുള്ള താത്പര്യവും അവരോടുള്ള അനുകമ്പയും കുറ്റവാളികളോട് ഒരു പ്രതികാരമനോഭാവം ഉണർത്തുന്നു. ഈ സാഹചര്യത്തിൽ കുറ്റം ചെയ്യുന്നവരോടുള്ള കത്തോലിക്കരുടെ പ്രതികരണമെന്തായിരിക്കണം? ഉത്തരം ഇതാണ്: സുവിശേഷമൂല്യങ്ങളാൽ നയിക്കപ്പെട്ട് അവരെ മാനസാന്തരത്തിലേക്ക് നയിക്കണം.

എല്ലാ വ്യക്തികളുടെയും അടിസ്ഥാനമഹത്ത്വം അംഗീകരിക്കണമെന്നും ആദരിക്കണമെന്നും യേശുവിന്റെ സുവിശേഷം ആവശ്യപ്പെടുന്നുണ്ടല്ലോ. ഒരാളുടെ സാമൂഹികാവസ്ഥയോ കഴിഞ്ഞകാലപ്രവർത്തനമോ ഇപ്പോഴത്തെ അവസ്ഥയോ എന്തായിരുന്നാലും അയാൾ മഹത്ത്വമുള്ളവനാണ്. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടിരിക്കുന്നതിനാലുള്ള മഹത്ത്വമാണിത് (ഉത്പ 1:27). മനുഷ്യന്റെ പാപം പോലും ആ മഹത്ത്വം ഇല്ലാതാക്കുന്നില്ല. വ്യവസ്ഥയില്ലാതെ ദൈവം നമ്മെ സ്നേഹിക്കുന്നതിന്റെ അർത്ഥമിതാണ്. അവിടന്നു നീതിമാന്മാരുടെമേലും നീതിരഹിതരുടെ മേലും ഒന്നുപോലെ മഴ പെയ്യിക്കുന്നവനാണ് (മത്താ 5:45). അതിനാൽ, കുറ്റവാളികൾ പോലും അവരുടെ അസ്തിത്വത്തിന്റെ കേന്ദ്രത്തിൽ നിർവചിക്കപ്പെടേണ്ടത് അവരുടെ കുറ്റകൃത്യങ്ങളാലല്ല, മറിച്ച് മനുഷ്യമഹത്ത്വത്താലാണ്. മറ്റു മനുഷ്യരോടൊപ്പം മഹത്ത്വത്തോടെ അവർ ആദരിക്കപ്പെടണം. പാപത്തെ വെറുക്കുമ്പോഴും പാപിയെ സ്നേഹിക്കാൻ നാം കടപ്പെടുന്നത് അതുകൊണ്ടാണ്.

താൻ കണ്ടുമുട്ടിയ എല്ലാ പാപികളുടെയും മാനസാന്തരം ഈശോ ആവശ്യപ്പെടുന്നതായി നാം സുവിശേഷത്തിൽ വായിക്കുന്നുണ്ട്. അവരുടെ മനുഷ്യത്വത്തിന്റെ പൂർണത അവിടന്ന് ആഗ്രഹിച്ചു.

വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയോടുള്ള ഈശോയുടെ വാക്കുകൾ തന്നെ ശ്രദ്ധിക്കുക: "ഞാനും നിന്നെ വിധിക്കുന്നില്ല. മേലിൽ പാപം ചെയ്യരുത്" (യോഹ 8:11). കൃപയാൽ, അതായത് ദൈവസ്നേഹത്താൽ, സ്പർശിക്കപ്പെടുമ്പോൾ ആളുകൾ മാനസാന്തരപ്പെടുമെന്നത് ക്രൈസ്തവവിശ്വാസത്തിന്റെ അടിസ്ഥാനബോധ്യമാണ്. നല്ല കള്ളന്റെ സംഭവം തന്നെ ഒന്നാംതരം ഉദാഹരണമാണ്. (ലൂക്കാ 23:39 -43). അതിനാൽ, കുറ്റവാളികളിൽ പ്രത്യാശ വളർത്തുക എന്നതാണ് തടവറ ശുശ്രൂഷയുടെ ലക്ഷ്യം. പ്രതീക്ഷ ഇല്ലാതിരുന്നാൽ, ആളുകൾ തങ്ങളുടെ തന്നെ ഭൂതകാലത്തിൽ അടയ്ക്കപ്പെടും; കുറ്റവാളികൾ തങ്ങളുടെതന്നെ അക്രമത്തിൽ ബന്ധിതരാകും.

സാംസ്കാരിക കേരളമെന്ന് നാം അഭിമാനിക്കുന്ന ദൈവത്തിന്റെ സ്വന്തം നാട് കുറ്റകൃത്യങ്ങളുടെ നാടായി മാറിയിരിക്കുകയല്ലേ എന്ന് സംശയിക്കുന്നു. 57-ജയിലുകളിലായി 7500-ൽപ്പരം ആളുകൾ തടവറയിൽ കഴിയുന്നു. ഏറ്റവും കൂടുതൽ സാക്ഷരത അവകാശപ്പെടുന്ന കൊച്ചുകേരളത്തിലാണ് ഏറ്റവും കൂടതൽ കുറ്റകൃത്യങ്ങൾ നടക്കുന്നതെന്ന് ദേശീയ കുറ്റകൃത്യ റിക്കോഡ് ബ്യൂറോ (NCRB) യുടെ കണക്കുകൾ വ്യക്തമാക്കുന്നു.

യേശുസാഹോദര്യകൂട്ടായ്മയുടെ പ്രസക്തി ഇന്ന് എന്നത്തേതിനേയുംകാൾ വലുതാണ്. ജീസസ്സ് ഫ്രട്ടേണിറ്റി, തടവറകളിൽ ശുശ്രൂഷചെയ്യുന്ന ഒരു കൂട്ടായ്മയാണ്. കഴിഞ്ഞ 30 വർഷങ്ങളായി കേരളത്തിലെ ജയിലുകൾ സന്ദർശിക്കുകയും തടവറയിലെ സഹോദരങ്ങൾക്ക് ഭാവാത്മകമായ ചിന്തകളിലൂടെയും ക്ലാസുകളിലൂടെയും കൗൺസലിങ്ങുകളിലൂടെയും ശരിയായ ജീവിതദർശനം പകർന്നു നൽകി നല്ലചിന്തകളാൽ അവരുടെ മനസ്സിനെ നിറയ്ക്കുന്നതിൽ ഈ കൂട്ടായ്മ അങ്ങേയറ്റം ശ്രദ്ധിക്കുന്നു. കേരളകത്തോലിക്കാ മെത്രാൻ സമിതിയുടെ ജസ്റ്റീസ് പീസ് ആന്റ് ഡിവലപ്പ്മെന്റ് എന്ന കമ്മീഷന്റെ കീഴിൽ ഒരു വിഭാഗമായി ജീസസ്സ് ഫ്രട്ടേണിറ്റി പ്രവർത്തിക്കുന്നു. ജയിലുകൾ മാത്രമല്ല, തടവറയിലെ സഹോദരരുടെ ഭവനങ്ങളും സന്ദർശിക്കുകയും കുടുംബങ്ങൾക്ക് ആശ്വാസമേകുകയും അവരുടെ മക്കളെ ജീസസ്സ് ഫ്രട്ടേണിറ്റിയുടെ പുനരധിവാസകേന്ദ്രങ്ങളിൽ താമസിപ്പിച്ച് പഠിപ്പിക്കുകയും വിവാഹപ്രായമെത്തിയവരെ വിവാഹം കഴിപ്പിച്ചയയ്ക്കാൻ സഹായിക്കുകയും ചെയ്യുക എന്നതെല്ലാം ഈ കൂട്ടായ്മ കഴിഞ്ഞ 30 വർഷമായി ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങളാണ്.



പതിനാല് പുനരധിവാസകേന്ദ്രങ്ങൾ ജീസസ്സ് ഫ്രട്ടേണിറ്റി നടത്തുന്നു. മൂന്നെണ്ണം വീതം പുരുഷന്മാർക്കും സ്ത്രീകൾക്കും ബാക്കി എട്ട് എണ്ണം കുട്ടികൾക്കും വേണ്ടിയാണ് നിജപ്പെടുത്തിയിരിക്കുന്നത്. തടവറയിൽനിന്നിറങ്ങുന്നവരെ പുനരധിവസിപ്പിക്കാനുള്ള കേന്ദ്രങ്ങൾ ഇന്ത്യയിൽതന്നെ യേശുസാഹോദര്യകൂട്ടായമയ്ക്ക് മാത്രമാണുള്ളത്. തടവറയിലായിരുന്ന അനേകരെ പുനരധിവസിപ്പിക്കാനും സാധാരണ ജീവിതത്തിലേക്ക് കൊണ്ടുവരാനും യേശുസാഹോദര്യ കൂട്ടായ്മയ്ക്ക് സാധിച്ചിട്ടുണ്ട്. തൃശ്ശൂർ വെട്ടുക്കാട്ടിൽ പുരുഷന്മാർക്കുള്ള കേന്ദ്രവും തിരുവനന്തപുരം മൺവിളയിൽ സ്ത്രീകൾക്കുള്ള കേന്ദ്രവും യേശുസാഹോദര്യത്തിന്റെ നേരിട്ടുള്ള സംരക്ഷണയിലും നിയന്ത്രണത്തിലുമാണ്. 1990-ൽ ആരംഭിച്ച ഈ പുനരധിവാസ കേന്ദ്രങ്ങളിൽ നിന്ന് നൂറിലധികം പെൺകുട്ടികളെ നാളിതുവരെ വിവാഹം കഴിപ്പിച്ച് അയച്ചിട്ടുണ്ട്. 500-ൽപരം കുടുംബങ്ങൾ പുനരധിവസിപ്പിക്കപ്പെട്ടു. അവരുടെ കൂട്ടായ്മകൾ വിളിച്ചു ചേർക്കുകയും അവരുടെ മക്കൾക്കായി എല്ലാവർ ഷവും ക്യാമ്പുകൾ സംഘടിപ്പിച്ച് പഠനോപകരണങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. കേരളത്തിലെ തടവറകളിൽ ജീസസ്സ് ഫ്രട്ടേണിറ്റി നടത്തുന്ന പ്രവർത്തനങ്ങൾക്ക് അംഗീകാരമെന്നവണ്ണം ജയിൽ വകുപ്പ് എല്ലാ ജയിലുകളും സന്ദർശിക്കാൻ ഈ കൂട്ടായ്മയ്ക്ക് മാത്രം ഒരു പൊതു അംഗീകാരം നല്കിയിട്ടുണ്ട്.

കേരളത്തിലെ 31 രൂപതകളിലും ഡയറക്ടർ അച്ചന്മാരുടെ നേതൃത്വത്തിൽ 46-ഓളം യൂണിറ്റുകളിലായി 1000-ത്തിൽ പരം വോളണ്ടിയർമാർ പ്രത്യക്ഷമായും പരോക്ഷമായും ഈ ശുശ്രൂഷയിൽ പങ്കുചേരുന്നു. കേരളത്തിലെ എല്ലാ രൂപതകളിലും മേജർ സെമിനാരികളിലും ജീസസ് ഫ്രട്ടേണിറ്റി യൂണിറ്റുകൾ ഭംഗിയായി പ്രവർത്തിക്കുന്നുണ്ട്. സെമിനാരിക്കാർ ഈ രംഗത്ത് ചെയ്യുന്ന ശുശ്രൂഷ സ്തുത്യർഹമാണ്. അനേകം അല്മായരും സിസ്റ്റേഴ്സും ഈ പ്രവർത്തനത്തിൽ പങ്കുചേരുന്നു. അവർക്കെല്ലാം ഹൃദയപൂർവകമായ അനുമോദനങ്ങളും നന്ദിയും അർപ്പിക്കട്ടെ.

കൂടുതൽ ആളുകൾ ഈ രംഗത്തേക്ക് കടന്നുവരണമെന്ന് അഭ്യർത്ഥിക്കുന്നു. തടവറ പ്രേഷിതദിനത്തിൽ ഇടവകയിൽ ശേഖരിക്കുന്ന പിരിവുകൊണ്ടാണ് ജീസസ് ഫ്രട്ടേണിറ്റിയുടെ ബഹുമുഖപ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നത്. ഈ വർഷവും ആ പിരിവ് നടത്തി പി.ഒ.സി.യിൽ പ്രവർത്തിക്കുന്ന ജീസസ് ഫ്രട്ടേണിറ്റി

ഓഫീസിലേക്ക് അയച്ചുകൊടുക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. എല്ലാവരുടെയും ഔദാര്യപൂർണമായ സഹകരണം ഇക്കാര്യത്തിൽ ഉണ്ടാകുമല്ലോ.

ജീസസ് ഫ്രട്ടേണിറ്റിക്ക് എല്ലാവിധ നന്മകളും നേരുന്നതോടൊപ്പം ആഗതമാകുന്ന ഭാരതസ്വാതന്ത്ര്യദിനം നമ്മെ യഥാർത്ഥ സ്വാതന്ത്ര്യത്തിലേക്കും നന്മയിലേക്കും നയിക്കട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു. ദൈവാനുഗ്രഹം നേർന്നുകൊണ്ട്,

ജീസസ്സ് ഫ്രട്ടേണിറ്റിക്കുവേണ്ടി,

**ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ്**

ചെയർമാൻ, കെസിബിസി ജസ്റ്റീസ്, പീസ് & ഡെവലപ്പ്മെന്റ് കമ്മീഷൻ

**ബിഷപ്പ് സെൽവിസ്റ്റർ പൊന്നുമുത്തൻ**

വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റീസ്, പീസ് & ഡെവലപ്പ്മെന്റ് കമ്മീഷൻ

**ബിഷപ്പ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ**

വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റീസ്, പീസ് & ഡെവലപ്പ്മെന്റ് കമ്മീഷൻ

N:B: 2016 ആഗസ്റ്റ് 14-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

Ref: 2967/K-5/KCBC/OL/DS 21.7.2016

## ജസ്റ്റീസ് സൺഡേ (നീതി ഞായർ) 2016
## ആഗസ്റ്റ് 21, ഞായർ
### കെസിബിസി SC/ST/BC കമ്മീഷൻ
### പുറപ്പെടുവിക്കുന്ന സർക്കുലർ

വന്ദ്യ വൈദികരേ, പ്രിയ സന്യസ്തരേ, സഹോദരീ സഹോദരന്മാരേ,

ഫ്രാൻസിസ് പാപ്പ 'കരുണയുടെ മുഖം' എന്ന പ്രബോധനത്തിൽ കരുണയുടെ ജൂബിലി ആഘോഷിക്കേണ്ടത് എപ്രകാരമാണെന്ന് നമ്മെ പഠിപ്പിക്കുന്നു. ആധുനികസമൂഹം അരികുകളിലേക്ക് വലിച്ചെറിഞ്ഞ നമ്മുടെ സഹോദരങ്ങളെ കരുണയുടെ കണ്ണുകളിലൂടെ നോക്കിക്കാണാം. ആഴമായ മുറിവുകളും ദുസ്സഹമായ വേദനകളും തികഞ്ഞ അവഗണനകളും അനീതിത്വങ്ങളും നിറഞ്ഞ അവരുടെ ജീവിതങ്ങളിലേക്ക് നമുക്ക് ഇറങ്ങിച്ചെല്ലാം. കരുണയുടെ തൈലം പുരട്ടി അവരുടെ മുറിവുകൾ വച്ചുകെട്ടുകയും അവരോടുള്ള ഐക്യദാർഢ്യവും കരുതലും പ്രകടമാക്കിക്കൊണ്ട് നമ്മുടെ സാന്നിദ്ധ്യവും സ്നേഹസാഹോദര്യവും അവർക്ക് പകർന്നു നല്കുകയും ചെയ്യാം. മനുഷ്യ മഹത്വവും തുല്യപരിഗണനയും അന്യായമായി നിഷേധിക്കപ്പെട്ടിരിക്കുന്ന അവരോടൊപ്പം നിന്നുകൊണ്ട് അവരുടെ സഹനങ്ങളിൽ നമുക്ക് സാന്ത്വനമാകാം. അവരുടെ നിലവിളികൾ നമ്മുടേതാകട്ടെ. അവർക്കെതിരെ ഉയരുന്ന നിസ്സംഗതയുടെയും വിവേചനത്തിന്റെയും കാപട്യത്തിന്റെയും വൻമതിലുകൾ നമുക്കൊരുമിച്ചുനിന്ന് തച്ചുടയ്ക്കാം. (ഖണ്ഡിക 15) ഭാരതത്തെ സംബന്ധിച്ചിടത്തോളം മാർപാപ്പ നമുക്ക് കാണിച്ചുതരുന്നതും നമ്മുടെ പരിഗണന ഏറ്റവും കൂടുതൽ അർഹിക്കുന്നതും ദലിത് ക്രൈസ്തവരാണ്.



നമ്മുടെ മാതൃരാജ്യം സ്വാതന്ത്ര്യം പ്രാപിച്ചിട്ട് 69 വർഷം തികയുകയാണ്. എന്നാൽ നാട്ടിൽ ദലിത് ക്രൈസ്തവർ ഇന്നും നീതിക്കുവേണ്ടി കേഴുകയാണ്. മതേതര ജനാധിപത്യരാജ്യമായ ഭാരതത്തിൽ ഒരു പൗരന് ഏതു മതവും സ്വീകരിക്കുവാനുള്ള അവകാശമുണ്ട്. മതത്തിന്റെ പേരിൽ പൗരാവകാശങ്ങളോ ആനുകൂല്യങ്ങളോ നിഷേധിക്കുവാൻ പാടുള്ളതല്ല. ദാദാ സാഹിബ് അംബേദ്കർ നേതൃത്വം നല്കി തയ്യാറാക്കിയ ഭാരതത്തിന്റെ ഭരണഘടന എല്ലാ വിഭാഗം പട്ടികജാതിക്കാർക്കും അവരുടെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസപുരോഗതികൾക്കായി തുല്യസംവരണം ഉറപ്പാക്കുന്ന ഒന്നായിരുന്നു. എന്നാൽ 1950-ൽ ഒരു പ്രസിഡൻഷ്യൽ ഓർഡറിലൂടെ ഹിന്ദുക്കളല്ലാത്ത പട്ടികജാതിക്കാർക്ക് ലഭിക്കുമായിരുന്ന സംവരണാനുകൂല്യങ്ങൾ നിഷേധിച്ചു. 1956-ൽ സിക്കുമതക്കാർക്കും 1990 -ൽ ബുദ്ധമതക്കാർക്കും സംവരണം പുനഃസ്ഥാപിച്ചു നല്കി. ഇന്നും ക്രിസ്തുമതസ്ഥരും ഇസ്ലാം മതസ്ഥരുമായ ദലിതർ ഈ വിവേചനത്തിന്റെ ദുരന്തഫലങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നു.

സംവരണ നിഷേധം ദലിത് ക്രൈസ്തവർക്ക് ഇരട്ടപ്രഹരമാണ് ഏല്പിക്കുന്നത്. വിദ്യാഭ്യാസ രംഗത്തും തൊഴിൽമേഖലയിലും വളരാനും ഉന്നതിപ്രാപിക്കാനുമുള്ള വാതിൽ അടക്കപ്പെടുന്നു. ഭരണഘടന വാഗ്ദാനം ചെയ്യുന്ന മതസ്വാതന്ത്ര്യം നിഷേധിക്കുന്നതോടൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ ലഭ്യമാകുന്ന സാമൂഹ്യക്ഷേമ പദ്ധതികളിലെ ജനറൽ കാറ്റഗറി വിഭാഗത്തിൽപോലും അവർക്കവസരം ലഭിക്കാതെ പോകുന്നു.

സമീപകാലത്തായി കേരളത്തിലും ഭാരതത്തിലെമ്പാടും ദലിതർക്കെതിരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ ആശങ്കയുണർത്തുന്നു. വിദ്യാഭ്യാസസ്ഥാപനങ്ങളിലും കലാസാംസ്കാരികരംഗങ്ങളിലും കടന്നുകയറുന്ന

ദലിത് വിരുദ്ധശക്തികളെ കർശനമായി നിയന്ത്രിച്ച് ദളിതരുടെ തനിമ നില നിർത്താൻ സഹായിക്കേണ്ടതാണ്. ഭക്ഷണത്തിന്റെ പേരിലും ആചാരാനു ഷ്ഠാനങ്ങളുടെ പേരിലും ദലിതരും മതന്യൂനപക്ഷങ്ങളും വേട്ടയാടപ്പെടു ന്നത് വച്ചു പൊറുപ്പിക്കാനാവില്ല. ദലിത് പിന്നാക്കവിഭാഗങ്ങൾ വിദ്യാഭ്യാസ ത്തിലൂടെ പ്രബുദ്ധരാകുകയും സംഘടിച്ച് ശക്തരാകുകയും ജനാധിപത്യ വ്യവസ്ഥയുടെ എല്ലാ രംഗങ്ങളിലും എത്തിച്ചേരുകയും ചെയ്യേണ്ടതാണ്. തങ്ങളുടെ സാംസ്കാരികപൈതൃകം നിലനിർത്തിക്കൊണ്ട് കാലത്തിന്റെ മാറ്റങ്ങൾ മനസ്സിലാക്കി ഭാവി കർമ്മപരിപാടികൾ കരുപ്പിടിപ്പിക്കുവാൻ അവർക്ക് കഴിയണം. സഭ കൂടുതൽ ഉത്തരവാദിത്വത്തോടെ ദലിത് ക്രൈസ്തവരോടുള്ള ഐക്യദാർഢ്യവും പ്രതിജ്ഞാബദ്ധതയും നവീകരി ക്കണം. നീതിക്കുവേണ്ടിയുള്ള പോരാട്ടങ്ങളിൽ ദലിത് ക്രൈസ്തവർ ഒറ്റ പ്പെട്ടുപോകാതെ വിവിധ സഭാസമൂഹങ്ങൾ ഒരുമിച്ചുനിന്നുകൊണ്ട് അവരോ ടൊപ്പം പോരാടണം. ക്രിസ്തുവിന്റെ ശരീരമായ സഭയിലെ ഒരവയവത്തിന്റെ വേദന എല്ലാവരുടേതുമാകണം. അപ്രധാനമെന്നോ ബലഹീനമെന്നോ കരു തപ്പെടുന്നവർക്ക് കൂടുതലായി പ്രത്യേക കരുതലും പരിഗണയും ലഭ്യമാ ക്കണം (1 കോറി 12: 12–26) എന്ന പൗലോസ് അപ്പസ്തോലന്റെ വാക്കുകൾ നമുക്ക് ശക്തി പകരട്ടെ. സഭാ സംവിധാനങ്ങളിലെ ഉത്തരവാദിത്വങ്ങളിൽ പൂർണമായ പങ്കാളിത്തം ദലിത് സഹോദരങ്ങൾക്ക് ലഭ്യമാകുന്നുവെന്ന് ഉറ പ്പാക്കേണ്ടതാണ്. പൊതുസമൂഹത്തിന്റെ ഇതരരംഗങ്ങളിൽ മികവുറ്റ സംഭാ വനകൾ നല്കാൻ അവരെ പ്രാപ്തരാക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യേ ണ്ടതാണ്. അതിനാവശ്യമായ സമ്പത്ത് ശേഖരിച്ച് നല്കാനും സഭാ സ്ഥാപ നങ്ങളിൽ പരിശീലനപരിപാടികൾ സംഘടിപ്പിച്ചുകൊണ്ട് പ്രോത്സാഹനവും ശക്തിയും പകർന്നു നല്കുവാനും സഭ സന്നദ്ധമാകണം. വിശ്വാസത്തിലു റച്ചുനിന്ന് സഭയിൽ ലഭ്യമാകുന്ന അവസരങ്ങൾ പരമാവധി പ്രയോജനപ്പെ ടുത്തി സ്വത്വബോധത്തോടെ വളരാനും സഭയെയും സമുദായത്തെയും ഒരു പോലെ വളർത്താനും ദലിത് ക്രൈസ്തവർ മുന്നോട്ടുവരാൻ ശ്രദ്ധിക്കുകയും ചെയ്യണം. സഭയുടെ ഔദ്യോഗിക ദലിത് കത്തോലിക്കാസംഘടനയായ ഡിസിഎംഎസ് (ദലിത് കത്തോലിക്കാ മഹാജനസഭ)യിൽ അംഗമായി ചേർന്ന് സജീവമായി പ്രവർത്തിക്കാനും സഭാംഗങ്ങളായ എല്ലാ ദലിത് ക്രൈസ്തവരോടും അഭ്യർത്ഥിക്കുന്നു.

ഭാരത കത്തോലിക്കാ മെത്രാൻസമിതിയുടെ ആഹ്വാനപ്രകാരം സ്വാത ന്ത്ര്യദിനം കഴിഞ്ഞുവരുന്ന ഞായറാഴ്ച ജസ്റ്റിസ് സൺഡേ ആയി ആചരി ക്കുകയാണ്. 2016 ആഗസ്റ്റ് 21–ന് നമ്മുടെ രൂപതകളിലെ എല്ലാ ഇടവകക ളിലും ദളിത് ക്രൈസ്തവരോടുള്ള ആഭിമുഖ്യം പ്രകടമാക്കുന്ന പ്രത്യേകപ രിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. പ്രാർത്ഥനാശുശ്രൂഷകൾ, ബോധവ



ത്ക്കരണക്ലാസ്സുകൾ, പ്രതിഷേധപ്രകടനങ്ങൾ, ദലിത്ക്രൈസ്തവകൂട്ടായ്മ കൾ, ക്ഷേമപ്രവർത്തനങ്ങളുടെ വിതരണം തുടങ്ങിയ കർമ്മപരിപാടികൾ ഇവയിൽ ഉൾപ്പെടുത്താവുന്നതാണ്. അന്നേദിവസം പ്രത്യേക സ്തോത്ര ക്കാഴ്ച എടുത്ത് ദലിത് ക്രൈസ്തവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി KCBC SC/ST/BC കമ്മീഷന് നല്കേണ്ടതാണ്. കരുണയുടെ ജൂബിലി വർഷത്തിൽ നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയു ള്ളവരായിരിക്കുവിൻ (ലൂക്ക 6:36) എന്ന യേശുനാഥന്റെ തിരുവചനം ദലിതരോട് നമ്മൾ കാണിക്കുന്ന കാരുണ്യമായി സാക്ഷാത്ക്ക രിക്ക പ്പെടട്ടെ. ദൈവം നിങ്ങളേവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**ബിഷപ് സെൽവിസ്റ്റർ പൊന്നുമുത്തൻ**

ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ് ഫിലിപ്പോസ് മാർ സ്റ്റെഫാനോസ്**
വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ
**ബിഷപ് മാർ ജേക്കബ് മുരിക്കൻ**
വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

# രൂപതക്കച്ചേരി

*C. 70/2016* **Members and Delegates from the Eparchy to the Syro-Malabar Major Archiepiscopal Assembly to be held on 25-28 August - 2016**

| Delegates | Substitutes |
|---|---|
| **A. Ex-Officio** | |
| Mgr George Oliapuram | |
| Mgr George Kariamadam | |
| **B. Priests** | |
| Rev. Fr. Kuriakose Kodakallil | Rev. Fr. Francis Keerampara |
| Rev. Fr. Thomas Periappuram | Rev. Fr. George Vadakel |
| Rev. Fr. George Karakunnel | Rev. Fr. Joseph Athickal |
| **C. Delegates of Institutes of Consecrated Life** | |
| Rev. Fr. Jose Chettoor V.C. | Rev. Fr. John Sankarathil OSFS |
| Rev. Sr. Grace Kochupaliyathil SABS | Rev. Sr. Thresiamma Pallikunnel SH |
| Rev. Sr. Christy SMS | Rev. Sr. Deepa CSN |

**D. Lay Persons**

| | |
|---|---|
| Sri. Anto Thomas Valookaran | Sri. Abhe Mathews Kanjiramparayil |
| Sri. Jolly Joseph Palamkunnel | Sri. Febin Francis Kattackal |
| Sri. Iypachan Thadickatt | Sri. C.J. Mathew Chirakandathil |
| Sri. Joseph Moolasseril | Sri. Prajeesh C. Mathew Chimmanikatt |
| Smt. Anie Joseph Elayidom | Smt. Marykutty Sebastian Koottappilly |
| Smt. Mary Augustine Mannaparambil | Smt. Rosamma George Thayyil |
| Ms. Neena Thomas Kattamkottil | Ms. Anitta Cyril Thadathil |

Bishop

*C. 71/2016* **ഇന്റേണൽ ഓഡിറ്റിംഗ്**

സ്ഥാപനങ്ങളുടെയും ഇടവകകളുടെയും കണക്കിന്റെ ത്രൈമാസ റിപ്പോർട്ട് ഫൈനാൻസ് ഓഫീസിൽ ഹാജരാക്കുന്ന കാര്യം മുമ്പ് അറിയിച്ചിരുന്നുവല്ലോ. ഇക്കാര്യം കൂടുതൽ എളുപ്പമാക്കുന്നതിനായി രൂപതാകേന്ദ്രത്തിൽ നിന്നുമുള്ള ഇന്റേണൽ ഓഡിറ്റേഴ്സ് ഈ മാസം മുതൽ രൂപതയിലെ സ്ഥാപനങ്ങൾ സന്ദർശിച്ച് വരവ് ചെലവ് കണക്കുകൾ പരിശോധിക്കുന്നതാണ് എന്ന കാര്യം അറിയിക്കുന്നു.

Bishop

*C. 72/2016* **അനുരഞ്ജന ഫോറം**

രൂപതാ വിവാഹക്കോടതിയിൽ വരുന്ന വിവാഹക്കേസുകളുടെ ബാഹുല്യം പരിഗണിച്ച് ദമ്പതികൾ പൊരുത്തപ്പെട്ടുപോകുന്നതിനുള്ള സാധ്യതകൾ ആരായുന്നതിനായി ഒരു അനുരഞ്ജന ഫോറം (Reconciliation Forum) രൂപീകരിച്ചിട്ടുണ്ട്. റവ. ഫാ. ജോർജി കാട്ടൂർ MCBS, ശ്രീ ജിയോ ഓലിയപ്പുറം, ശ്രീമതി അന്നമ്മ ആന്റണി ഇലഞ്ഞിക്കൽ എന്നിവരെയാണ് ഇക്കാര്യത്തിനായി നിയോഗിച്ചിട്ടുള്ളത്.

Bishop

*C. 73/2016* **ജസ്റ്റീസ് സൺഡേ – ആഗസ്റ്റ് 21**

ഭാരതകത്തോലിക്ക മെത്രാൻ സമിതിയുടെ ആഹ്വാനപ്രകാരം 2016 ആഗസ്റ്റ് 21-ാം തീയതി ജസ്റ്റീസ് സൺഡേയായി ആചരിക്കുന്നു. നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും ദലിത് ക്രൈസ്തവരോടുള്ള ആഭിമുഖ്യം പ്രകടമാക്കുന്ന പരിപാടികളും സാമൂഹ്യനീതിയെക്കുറിച്ച് ജനങ്ങളെ പ്രബുദ്ധരാക്കാൻ ഉതകുന്ന പ്രബോധനങ്ങളും ചർച്ചാക്ലാസ്സുകളും നടത്താൻ ശ്രദ്ധിക്കുമല്ലോ. ആ ദിവസമോ അതു കഴിഞ്ഞു വരുന്ന ഞായറാഴ്ചയോ ഈ നിയോഗപ്രകാരം പ്രത്യേക പിരിവ് നടത്തി കിട്ടുന്ന തുക രൂപതാ സാമ്പത്തിക കാര്യാലയത്തിൽ ഏല്പിക്കണമെന്ന് ഓർമ്മിപ്പി



ക്കുന്നു. ദലിത് ക്രൈസ്തവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി KCBC കമ്മീഷന് നൽകുവാനുള്ള തുകയാണത്.

Syncellus

*C. 74/2016* **Young Priests' Seminar**

Annual seminar for the young priests of the Eparchy ordained after 31-01-2010 will be conducted on August 17, 18, 2016 at NESTT Muvattupuzha. The seminar begins on Wednesday at 9.30 am and comes to an end on Thursday by 4.30 pm. All are expected to participate without fail.

Syncellus

*C. 75/2016* **മാമ്മോദീസ, പുനരൈക്യം, വിവാഹം ക്രമപ്പെടുത്തൽ എന്നിവയ്ക്കുള്ള അപേക്ഷകളിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

a) മാമ്മോദീസയ്ക്കുള്ള അപേക്ഷകൾ രൂപതാ കാര്യാലയത്തിൽ സമർപ്പിക്കുമ്പോൾ, രണ്ടുപേരുടെ സാക്ഷ്യത്തോടുകൂടി മുദ്രപ്പത്രത്തിലെഴുതിയ സമ്മതപത്രത്തോടൊപ്പം പഞ്ചായത്ത്/മുൻസിപ്പാലിറ്റിയിൽ നിന്നുള്ള ജനനസർട്ടിഫിക്കറ്റിന്റെ ഒരു പകർപ്പുകൂടി നല്കേണ്ടതാണ്. അപേക്ഷകർക്ക് സ്ഥിരതാമസമുള്ള സ്ഥലത്തെ വികാരിയച്ചൻ വഴി അരമനപ്പത്രത്തിലായിരിക്കണം അപേക്ഷകൾ സമർപ്പിക്കേണ്ടത്.

b) പുനരൈക്യത്തിനുള്ള അപേക്ഷയോടൊപ്പം, പ്രാരംഭകൂദാശകൾ സ്വീകരിച്ചവരെങ്കിൽ, അത് തെളിയിക്കുന്ന രേഖയുടെ പകർപ്പുകൂടി സമർപ്പിക്കേണ്ടതാണ്.

c) രജിസ്റ്റർ വിവാഹംചെയ്തു താമസിക്കുന്നവരുടെയും വിവാഹം ചെയ്യാതെ കൂടി താമസിക്കുന്നവരുടെയും വിവാഹം ക്രമപ്പെടുത്തുന്നതിനുള്ള അപേക്ഷകൾ സമർപ്പിക്കുമ്പോൾ അവരുടെ സ്വതന്ത്രസ്ഥിതി സംബന്ധിച്ച രേഖകൂടി ഒപ്പം നല്കേണ്ടതാണ്.

Chancellor

## മൈനർ സെമിനാരി

*MS 32 /2016* **ദുക്റാനത്തിരുനാൾ**

ഈ വർഷത്തെ ദുക്റാന തിരുനാൾ മൈനർ സെമിനാരിയിൽ സമുചിതമായി ആഘോഷിച്ചു. വൈകുന്നേരം നടന്ന സമ്മേളനത്തിൽ ബഹു. തോമസ് മുണ്ടയ്ക്കൽ അച്ചൻ അദ്ധ്യക്ഷത വഹിച്ചു. ബ്ര. ഫ്രാൻസിസ് പുത്തൻപറമ്പിൽ ബ്ര. ജോസഫ് തെക്കേക്കൂറ്റ് എന്നിവർ പ്രസംഗിച്ചു. ബ്ര.

മാത്യു കോട്ടയ്ക്കൽ ലളിതഗാനം ആലപിച്ചു. സമ്മേളനാനന്തരം വി. തോമ്മാ ശ്ലീഹായുടെ ജീവിതത്തെ ആസ്പദമാക്കി 'My Lord, My God' എന്ന നാടകം അവതരിപ്പിച്ചു.

*MS 33 /2016* **ഫൊറോന വൊക്കേഷൻ സെമിനാർ**

ആരക്കുഴ, കരിമണ്ണൂർ, കത്തീഡ്രൽ, മൈലക്കൊമ്പ്, മാറിക, മുതലക്കോടം എന്നീ ഫൊറോനകളിൽ നടന്ന ദൈവവിളി സെമിനാറുകളിൽ ഇരുന്നൂറിലധികം കുട്ടികൾ പങ്കെടുത്തു. സഹകരിച്ച ബഹു. അച്ചന്മാർക്കും ഫൊറോന വൊക്കേഷൻ പ്രമോട്ടർമാർക്കും നന്ദിയർപ്പിക്കുന്നു.

*MS 34 /2016* **സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ**

| | | |
|---|---|---|
| 1 | George Peter Parankimyalil, Nellimattam | ₹ 5000 |
| 2 | Mrs & Mr. Tresa Antony & Family Thottathimyalil, Neyyassery | ₹ 10000 |
| 3 | George Karimbadathukuzhiyil, Marika | ₹ 5000 |
| 4 | Joachan Elanjickal, Vazhakala | ₹ 12000 |
| 5 | Dr. Kuriachan Unnuppattu, Cathedral | ₹ 2000 |
| 6 | Joseph Thomas Anamthuruthiyil, Mailacombu | ₹ 1000 |
| 7 | Joseph Puthiaparambil, Muvattupuzha East | ₹ 10000 |
| 8 | Joy Varghese Madeckel, Muvattupuzha | ₹ 9000 |
| 9 | Rev. Fr. George Nirappath | ₹ 20000 |
| 10 | Shaju Cherkottu, Anicadu | ₹ 25000 |

*Rector*

## വിജ്ഞാനഭവൻ

*V. 85 /2016* **നവാഗതരായ അദ്ധ്യാപകർക്ക് നന്ദി**

നവാഗതരായ അദ്ധ്യാപകർക്കുള്ള ട്രെയിനിംഗ് പ്രോഗ്രാം ജൂലൈ 9, 10 തീയതികളിൽ മൂവാറ്റുപുഴ നെസ്റ്റിൽ നടന്നു. അഭിവന്ദ്യ പിതാവ് പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. തുടർന്ന് ഫാ. ജിമ്മി പൂച്ചക്കാട്ട്, ഷാജി മാലിപ്പാറ, അഡ്വ. റൈജു പാണ്ടിമറ്റം, ദീപു വലിയമറ്റം, ആനി ഇളയിടം എന്നിവർ ക്ലാസ്സുകൾ നയിച്ചു. എഴുപത്തിയഞ്ചോളം അദ്ധ്യാപകർ സെമിനാറിൽ പങ്കെടുത്തു. അവർക്കുള്ള സർട്ടിഫിക്കറ്റുകളും ബുക്കും വിതരണം ചെയ്തു. സെമിനാറിന് വന്ന അദ്ധ്യാപകർക്കും അവരെ പറഞ്ഞയച്ച വികാരിയച്ചന്മാർക്കും ഹെഡ്മാസ്റ്റർമാർക്കും നന്ദി.

*V. 86 /2016* **Year of Mercy Short Film Contest**

സമ്പർക്കമാധ്യമങ്ങളിൽ കുട്ടികളെ ഏറ്റവുമധികം സ്വാധീനിക്കുന്ന



മാധ്യമം സിനിമയാണ്. അതുകൊണ്ടുതന്നെ നമ്മുടെ വിശ്വാസപരിശീലന വേദികളിലും ഈ മാധ്യമത്തിന്റെ സാധ്യതകളെ പ്രയോജനപ്പെടുത്തുന്നത് ഉചിതമാണെന്ന് കരുതുന്നു. ഈ ലക്ഷ്യത്തോടെ ഈ വർഷം ഒരു Short Film Contest വിജ്ഞാനഭവൻ സംഘടിപ്പിക്കുന്നു. കാരുണ്യവർഷത്തോടു ബന്ധപ്പെടുത്തിയാണ് ഈ മത്സരം സംഘടിപ്പിക്കുന്നത്. പതിനാലു കാരുണ്യപ്രവൃത്തികളിൽ നിന്ന് ഏതെങ്കിലും ഒരു മൂല്യത്തെ എടുത്ത് ആസ്വാദ്യകരമായും ആകർഷകമായും അവതരിപ്പിക്കുന്ന തരത്തിലുള്ള ചിത്രങ്ങളാണ് തയ്യാറാക്കേണ്ടത്. 2 മിനിറ്റിൽ കുറയാതെയും 8 മിനിറ്റിൽ കൂടാതെയും ദൈർഘ്യമുള്ളവയാവണം ചിത്രങ്ങൾ.

| | |
|---|---|
| I Prize | ₹ 10,000 |
| II Prize | ₹ 7500 |
| III Prize | ₹ 5000 |

കൂടാതെ പ്രോത്സാഹന സമ്മാനങ്ങളും ഉണ്ടായിരിക്കുന്നതാണ്.

**നിബന്ധനകൾ**

1. സൺഡേസ്കൂൾ യുണിറ്റടിസ്ഥാനത്തിലായിരിക്കും മത്സരം. എൻട്രി സമർപ്പിക്കുന്നത് ഒരു യൂണിറ്റിന്റെ പേരിലായിരിക്കണം. അഭിനയത്തിനും മറ്റ് സാങ്കേതിക പ്രവർത്തനങ്ങൾക്കും ആരെ വേണമെങ്കിലും പങ്കെടുപ്പിക്കാവുന്നതാണ്.
2. Short films സമർപ്പിക്കേണ്ട അവസാന തീയതി 2016 ഒക്ടോബർ 15 ആണ്. എൻട്രികൾ ഇടവക വികാരിയുടെ Certification- നോടു കൂടി ഒക്ടോബർ 15-ന് മുമ്പായി വിജ്ഞാനഭവനിൽ ഏല്പിക്കേണ്ടതാണ്. (ഒരു യൂണിറ്റിൽ നിന്നും ഒന്നിൽ കൂടുതൽ എൻട്രികൾ നൽകാവുന്നതാണ്).
3. വിഷയം "കാരുണ്യപ്രവൃത്തികൾ പതിനാല്" എന്നതായിരിക്കും. 14 കാരുണ്യപ്രവൃത്തികളിൽ ഏതെങ്കിലും ഒന്നിനെ കേന്ദ്രീകരിച്ച് അതിൽ അടങ്ങിയിരിക്കുന്ന മൂല്യത്തെ ആയിരിക്കണം ഹ്രസ്വചിത്രത്തിന്റെ ഇതിവൃത്തം ആക്കേണ്ടത്. വിഷയത്തിൽ നിന്നുകൊണ്ടുള്ള നൂതനമായ ആവിഷ്കാര രീതികളും ട്രെൻഡുകളും സ്വാഗതാർഹമാണ്.
4. ഓരോ ഹ്രസ്വചിത്രത്തിനും 2 മിനിറ്റിൽ കുറയാതെയും 8 മിനിറ്റിൽ കൂടാതെയും ദൈർഘ്യം ഉണ്ടായിരിക്കണം.
5. ഓരോ ചിത്രത്തിന്റെയും ഒരു ഡിജിറ്റൽ (DVD) കോപ്പിയും HD ക്വാളിറ്റി ഔട്ടും സമർപ്പിക്കേണ്ടതാണ്. അവ തിരികെ നൽകുന്നതല്ല.
6. ഹ്രസ്വചിത്രത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന മ്യൂസിക്, വീഡിയോസ് തുടങ്ങിയവയുടെ കോപ്പിറൈറ്റ് നിയമപരിധികൾ ലംഘിച്ചിട്ടില്ല എന്ന് ഉറപ്പ്

വരുത്തേണ്ട ഉത്തരവാദിത്വം യൂണിറ്റിനായിരിക്കും.

7. വിധി നിർണ്ണയത്തിൽ സ്ക്രിപ്റ്റ്, ഡയറക്ഷൻ, അഭിനയം തുടങ്ങിയ തരം തിരിവുകൾ ഇല്ല. എല്ലാം ഒത്തുചേരുന്ന, ആസ്വാദന നിലവാരമുള്ള മികച്ച ചിത്രം എന്നതായിരിക്കും പരിഗണന.
8. വിജ്ഞാനഭവൻ അധികാരപ്പെടുത്തുന്ന ജൂറിയുടെ തീരുമാനം അന്തിമ മായിരിക്കും.
9. കുറഞ്ഞത് 10 എൻട്രികളെങ്കിലും ലഭിച്ചാൽ മാത്രമേ മത്സരം ഉണ്ടായി രിക്കുകയുള്ളൂ. അല്ലാത്ത പക്ഷം സമർപ്പിക്കുന്ന എൻട്രികൾക്ക് 2000 രൂപ വീതം പ്രോത്സാഹനസമ്മാനമായി നൽകുന്നതാണ്.
10. തിരഞ്ഞെടുക്കപ്പെടുന്ന ചിത്രങ്ങൾ രൂപതയുടെ വിവിധ മതബോധന ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതാണ്. അവയുടെ Copy right വിജ്ഞാനഭവനായിരിക്കും.

*V.87/2016* **PTA**

വിശ്വാസപരിശീലനം ശക്തിപ്പെടുത്തുന്നതിനായി പി.റ്റി.എ. കമ്മിറ്റി ഭൂരിഭാഗം ഇടവകകളിലും രൂപീകരിച്ചു. ഇനിയും പി.റ്റി.എ. കമ്മിറ്റി രൂപീക രിക്കാത്ത ചില ഇടവകകൾ ഉണ്ട്. എത്രയുംവേഗം കമ്മിറ്റികൾ രൂപീകരിച്ച് ലിസ്റ്റ് നിർദ്ദിഷ്ട ഫോമിൽ തരേണ്ടതാണ്.

*V.88/2016* **അദ്ധ്യാപക ക്വിസ് പഠനസഹായി**

ഇക്കൊല്ലത്തെ അദ്ധ്യാപക ക്വിസിന് പഠന സഹായി വിജ്ഞാനഭവൻ ബുക്ക്സ്റ്റാളിൽ ലഭ്യമാണ്.

*V. 89/2016* **സർവ്വീസ് ബുക്ക്**

പുതിയതായി വന്ന അദ്ധ്യാപകരുടെ ബയോഡേറ്റ പൂരിപ്പിച്ച് അതോ ടൊപ്പം സർവ്വീസ് ബുക്കും വിജ്ഞാനഭവനിൽ തരേണ്ടതാണ്. നിലവിൽ സർവീസ് ബുക്ക് ഇല്ലാത്ത അദ്ധ്യാപകർക്കും സർവീസ് ബുക്ക് പൂരിപ്പിച്ച് തരണം.

**സ്റ്റാഫ് സ്റ്റേറ്റ്മെന്റിൽ റോൾ നമ്പർ എഴുതാത്തവർ റോൾ നമ്പർ എഴുതി തരണം.**

*V. 90/2016* **പാഠ്യപദ്ധതി**

കൂടുതൽ പാഠ്യപദ്ധതി ആവശ്യമുള്ളവർക്ക് വിജ്ഞാനഭവൻ ഓഫീ സിൽ നിന്നും ലഭിക്കുന്നതാണ്. വില 50 രൂപ.



*V. 91/2016* **പ്രൈവറ്റ് രജിസ്ട്രേഷൻ**

**കോൺടാക്റ്റ് ക്ലാസ്സ് 1-ാം സെമസ്റ്റർ**

XI - 2016 സെപ്തംബർ 10 ശനി
XII - 2016 സെപ്തംബർ 10 ശനി
സ്ഥലം : NESTT, Muvattupuzha
സമയം : രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ

NB . രണ്ട് കോൺടാക്റ്റ് ക്ലാസ്സുകളിലും വരുന്നവർക്കു മാത്രമേ സർ ട്ടിഫി ക്കറ്റ് നൽകുകയുള്ളൂ. ഉച്ചഭക്ഷണം കുട്ടികൾ കൊണ്ടുവരേണ്ടതാണ്. ഇക്കാര്യം കുട്ടികളെ HM അറിയിക്കേണ്ടതാണ്.

**കോൺടാക്റ്റ് ക്ലാസ്സിൽ കുട്ടികൾ പങ്കെടുത്തില്ലെങ്കിൽ 5 ദിവസത്തെ ധ്യാനം കൂടിയതിന്റെ രേഖ നിർബന്ധമായും ഹാജരാക്കേണ്ടതാണ്.**

*V.92/2016* **സൺഡേസ്കൂളുകളുടെ പുതുക്കിയ ലിസ്റ്റ്**

**A വിഭാഗം 400-നു മുകളിൽ**

| | | | |
|---|---|---|---|
| 1 | Anicadu | 2 | Arakuzha |
| 3 | Cathedral | 4 | Kalayanthani |
| 5 | Kallanickal | 6 | Kalloorkad |
| 7 | Kaloor | 8 | Karimannoor |
| 9 | Mailacombu | 10 | Marika |
| 11 | Muthalakodam | 12 | Muvattupuzha |
| 13 | Nakapuzha | 14 | Nediakad |
| 15 | Nellimattam | 16 | Paingottoor |
| 17 | Thodupuzha | 18 | Vazhakulam |

**B വിഭാഗം 200-നും 400-നും ഇടയിൽ**

| | | | |
|---|---|---|---|
| 1 | Alakode | 2 | Anchiri |
| 3 | Arikuzha | 4 | Ayavana |
| 5 | Bethlehem | 6 | Chittoor |
| 7 | Kadalikad | 8 | Kaliyar |
| 9 | Karakunnam | 10 | Keerampara |
| 11 | Kodikulam | 12 | Kottapady |
| 13 | Kozhippilly | 14 | Kuninji |
| 15 | Kuruppumpady | 16 | Meenkunnam |
| 17 | Malayinkeezhu | 18 | Nadukani |
| 19 | Nediasala | 20 | Nedungapra |
| 21 | Nellikuzhi | 22 | Neriamangalam |
| 23 | Neyyassery | 24 | Njarakad |
| 25 | Oonnukal | 26 | Pallickamury |

| | | | |
|---|---|---|---|
| 27 | Pannimattam | 28 | Peringuzha |
| 29 | Ponnamthanam | 30 | Pothanikad |
| 31 | Purapuzha | 32 | Thodupuzha East |
| 33 | Thommankuth | 34 | Udumpannoor |
| 35 | Vadattupara | 36 | Vandamattam |
| 37 | Vannapuram | 38 | Velielchal |

**C വിഭാഗം 200-ൽ താഴെ**

| | | | |
|---|---|---|---|
| 1 | Ambikapuram | 2 | Chalassery |
| 3 | Cheppukulam | 4 | Cheenikuzhy |
| 5 | Chilavu | 6 | Enanalloor |
| 7 | Ezhalloor | 8 | Inchathotty |
| 9 | Inchoor | 10 | Kaithapara |
| 11 | Kadavoor | 12 | Kavakadu |
| 13 | Koduvely | 14 | Kolady |
| 15 | Kulapuram | 16 | Kuthumkal |
| 17 | Kuttampuzha | 18 | Malayinchi |
| 19 | Malippara | 20 | Mamalakandam |
| 21 | Marady | 22 | Mathirappilly |
| 23 | Mekkadambu | 24 | Methotty |
| 25 | Mudavoor | 26 | Mulapuram |
| 27 | Mullaringad | 28 | Muttathupara |
| 29 | Mundamudi | 30 | Muvattupuzha East |
| 31 | Nadukara | 32 | Neendapara |
| 33 | Njayappilly | 34 | Parapuzha |
| 35 | Pareekanny | 36 | Parisakkallu |
| 37 | Pazhampillichal | 38 | Perumannoor |
| 39 | Perumballichira | 40 | Perumballoor |
| 41 | Peringassery | 42 | Pooyamkutty |
| 43 | Puliyanpara | 44 | Punnamattam |
| 45 | Ramalloor | 46 | Randar |
| 47 | Thalayanadu | 48 | Thattakuzha |
| 49 | Thazhuvamkunnu | 50 | Thennathoor |
| 51 | Thoipra | 52 | Thottakara |
| 53 | Thrikariyoor | 54 | Uppukunnu |
| 55 | Urulanthanny | 56 | Vadakode |
| 57 | Vazhakala | 58 | Vazhappilly East |
| 59 | Vellallu (Rajagiri) | 60 | Vettampara |
| 61 | Vettimattom | | |



*V.93/2016* **വിജ്ഞാനഭവൻ ബുക്ക് സ്റ്റാൾ**

കുർബാനപ്പുസ്തകം, പോക്കറ്റ് ബൈബിൾ, സൺഡേസ്കൂൾ ബാഗ്, കൊന്ത, വെന്തിങ്ങ, സി.ഡി., ഗ്ലോബ്, കാസ, ഗിഫ്റ്റ് ഐറ്റംസ്, പ്രമുഖ പ്രസാധകരുടെ പുസ്തകങ്ങൾ എന്നിവ മിതമായ നിരക്കിൽ ലഭ്യമാണ്.

*V.94/2016* **സംശയങ്ങളുടെ പുസ്തകം**

വിശ്വാസത്തെ സംബന്ധിച്ച് കുട്ടികളിലും യുവജനങ്ങളിലും സാധാരണയായി ഉണ്ടാകാനിടയുള്ളതും അവർ ചോദിക്കുന്നതുമായ വിവിധവിഷയങ്ങളെ കോർത്തിണക്കി, സഭാപരവും ദൈവശാസ്ത്രപരവും ആധികാരികവുമായ മറുപടികളുൾക്കൊള്ളുന്ന ഒരു ഗ്രന്ഥം കാക്കനാട് സീറോ മലബാർ മതബോധന കാര്യാലയത്തിൽനിന്നും പുറപ്പെടുവിക്കുവാൻ ആലോചിക്കുന്നുണ്ട്. ഇതിന്റെ ആദ്യഘട്ടമെന്നോണം നമുക്ക് ഏറ്റവും ആവശ്യമായുള്ളത് കുട്ടികൾ ചോദിക്കുന്നതും ചോദിക്കാൻ സാധ്യതയുള്ളതുമായ സംശയങ്ങൾ ലഭിക്കുകയെന്നതാണ്. ഇതിനായി നിങ്ങളുടെ സഹകരണം തേടുന്നു. ഈ പുസ്തകത്തിൽ ഉൾപ്പെടുത്തണമെന്ന് ആഗ്രഹിക്കുന്ന ചോദ്യങ്ങൾ എത്രയും വേഗം വിശ്വാസപരിശീലന കേന്ദ്രത്തിലേക്ക് അറിയിക്കുമല്ലോ.

*Director*

## Corporate Educational Agency

*Edn. 32 /2016* **പ്രധാന അദ്ധ്യാപകരുടെ ശ്രദ്ധയ്ക്ക്**

പുതിയതായി സ്കൂളുകളിൽ നിയമനം ലഭിക്കുന്ന അദ്ധ്യാപക അനദ്ധ്യാപകർ നിയമന ഓർഡർ വാങ്ങാൻ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഓഫീസിൽ വരുമ്പോൾ ഓഫീസിൽ നിന്നും ആവശ്യപ്പെടുന്ന എല്ലാ രേഖകളും അവരുടെ കൈവശം കൊടുത്തയയ്ക്കുന്ന കാര്യം പ്രധാന അദ്ധ്യാപകർ പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. (eg. Joining report, Staff statement, ലീവ് വേക്കൻസി ആണെങ്കിൽ ലീവിന്റെ കോപ്പി). നിയമനങ്ങൾ പാസ്സാകുമ്പോൾ പാസ്സായ കോപ്പി സഹിതം ഓഫീസിൽ വന്ന് എഡ്യുക്കേഷൻ സെക്രട്ടറിയെകണ്ട് വിവരം അറിയിക്കേണ്ടതുമാണ്.

*Edn. 33 /2016* **മെയിന്റനൻസ് ഗ്രാന്റിനുള്ള അപേക്ഷ** (2016-2017)

മെയിന്റനൻസ് ഗ്രാന്റിനുള്ള അപേക്ഷകൾ പൂരിപ്പിച്ച് 3 കോപ്പികൾ ഓഗസ്റ്റ് 30-ന് മുമ്പ് രൂപത വിദ്യാഭ്യാസ ഓഫീസിൽ എത്തിക്കണം. അപേ

ക്ഷാഫോറങ്ങൾ വെബ്സൈറ്റിൽ നിന്നും എടുക്കാവുന്നതാണ് Reminder -കൾ ഇനി അയയ്ക്കുന്നതല്ല.

*Edn. 34 /2016* **Counselling**

എല്ലാ സ്കൂളുകളിലും കൗൺസലിംഗ് ആരംഭിക്കണം. ഇതിന്റെ ചുമതല ഒരു ടീച്ചറിനെ ഏല്പിക്കണം. റിക്കാർഡ് സൂക്ഷിക്കുകയും വേണം.

*Edn. 35 /2016* **Catechism/ Moral Science**

Catechism/Moral Science ഒന്നാം ടേം പരീക്ഷ ഓണാവധിക്കുശേഷം വിദ്യാലയങ്ങൾ തുറക്കുന്നതിന്റെ പിറ്റേദിവസം നടത്തേണ്ടതാണ്. Question Papers സ്കൂൾ തുറക്കുന്ന ദിവസം അതാതു സെന്ററുകളിൽ എത്തിക്കും.

*Edn. 36 /2016* **അദ്ധ്യാപക സെമിനാർ**

കോതമംഗലം കോർപ്പറേറ്റിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും അദ്ധ്യാപകർക്കുവേണ്ടി ഏകദിന സെമിനാർ ഒരുക്കുന്നു. എല്ലാ അദ്ധ്യാപകരും താഴെ നിർദ്ദേശിച്ചിരിക്കുന്ന ദിവസങ്ങളിലും സമയത്തും പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ.

| | | |
|---|---|---|
| Venue | - | NESTT |
| Registration Fees | - | 150 |
| Teachers Guild Fees | - | 50 |
| Time | - | 9.30 am - 3.30 pm |
| 25-08-2016 | - | All HSS Teachers |
| 26-08-2016 | - | All HS Teachers (Including UP & LP attached with High School) |
| 27-08-2016 | - | All UP & LP School Teachers |

(NB. അനദ്ധ്യാപകരുടെ സെമിനാറിന്റെ സ്ഥലവും തീയതിയും പിന്നീട് അറിയിക്കുന്നതാണ്.)

*Secretary*

## തിരുബാലസഖ്യം

*HC 8/2016* **തിരുബാലസഖ്യം മത്സരങ്ങൾ**

ആഗസ്റ്റ് 6 – കോതമംഗലം റീജിയൺ, സെന്റ് അഗസ്റ്റിൻ GHSS, കോതമംഗലം.

ആഗസ്റ്റ് 13 – തൊടുപുഴ റീജിയൺ, സെന്റ് സെബാസ്റ്റ്യൻസ് UPS, തൊടുപുഴ.

ആഗസ്റ്റ് 20 – മൂവാറ്റുപുഴ റീജിയൺ, നിർമ്മല പബ്ലിക് സ്കൂൾ മൂവാറ്റുപുഴ.

മൂന്ന് റീജിയണുകളിലും കൃത്യം 9.30–ന് മത്സരങ്ങൾ ആരംഭിക്കും. ഉച്ചഭക്ഷണം കുട്ടികൾ കരുതേണ്ടതാണ്. മൂവാറ്റുപുഴ, തൊടുപുഴ റീജിയണുകൾ ഭാഗഭാഗിത്വ ഫോം ആഗസ്റ്റ് 6–ന് മുമ്പായി പൂരിപ്പിച്ച് മൂവാറ്റുപുഴ ഓഫീസിൽ എത്തിക്കേണ്ടതാണ്.



**മത്സര ഇനങ്ങൾ:**

1 വിശുദ്ധരുടെ കഥ പറച്ചിൽ (3 മിനിറ്റ്) ജൂണിയേഴ്സിന് മാത്രം.
2 കളറിംഗ് (30 മിനിറ്റ്) ജൂണിയേഴ്സിന് മാത്രം.
3 പ്രസംഗം (3–5 മിനിറ്റ്) ജൂണിയർ സീനിയർ വിഭാഗങ്ങൾക്ക്.
4 സംഗീതം (5 മിനിറ്റ്) ജൂണിയർ സീനിയർ വിഭാഗങ്ങൾക്ക്.
5 വചനം എഴുത്ത് (വി. യോഹന്നാൻ) (30 മിനിറ്റ്) സീനിയേഴ്സിന് മാത്രം.
6 ബൈബിൾ വായന (യോഹന്നാൻ 15) സീനിയേഴ്സിന് മാത്രം.
7 മൈ ബൈബിൾ – സീനിയേഴ്സിന് മാത്രം.
8 കുട്ടി ക്വിസ് – സീനിയേഴ്സിന് മാത്രം.
9 ആക്ഷൻ സോംഗ് (7 മിനിറ്റ്) (മിനിമം 5, പരമാവധി 7 പേർ).
10 ഗ്രൂപ്പ് സോംഗ് (5 മിനിറ്റ്) (മിനിമം 5, പരമാവധി 7 പേർ).

*Director*

## ചെറുപുഷ്പമിഷൻലീഗ്

*CML 54 /2016* **അഭിനന്ദനങ്ങളും കൃതജ്ഞതയും**

2015–2016 പ്രവർത്തനവർഷത്തിൽ ശാഖാ–മേഖലാ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തിയ ഏവർക്കും പ്രത്യേകിച്ച് ബഹു. വികാരിയച്ചന്മാർക്കും സിസ്റ്റേഴ്സിനും ഭാരവാഹികൾക്കും അഭിനന്ദനങ്ങൾ നേരുന്നു.

*CML 55 /2016* **അവാർഡുകളും സമ്മാനങ്ങളും**

**രൂപതയിലെ മികച്ച ശാഖകൾ**

**300–ന് മുകളിൽ അംഗങ്ങൾ ഉള്ളത്**

1) കോതമംഗലം 2) മൂവാറ്റുപുഴ 3) പൈങ്ങോട്ടൂർ

**150–ന് മുകളിൽ അംഗങ്ങൾ ഉള്ളത്**

1) നെല്ലിക്കുഴി/കദളിക്കാട് 2) ആരക്കുഴ 3) ആലക്കോട്

**150–ന് താഴെ അംഗങ്ങൾ ഉള്ളത്**

1) നാടുകാണി 2) രണ്ടാർ 3) ചിലവ്

**രൂപതയിലെ മികച്ച മേഖലകൾ**

1) കോതമംഗലം 2) തൊടുപുഴ 3) മൂവാറ്റുപുഴ

**സംഭാവനകൂപ്പൺ കൂടുതൽ വിറ്റഴിച്ച ശാഖകൾ**

കോതമംഗലം, പൈങ്ങോട്ടൂർ

**സമ്പൂർണ്ണ ചെറുസൂനം ശാഖകൾ**

വണ്ണപ്പുറം, നീണ്ടപാറ, കുറുപ്പംപടി, പന്നിമറ്റം, നാടുകാണി, രാജഗിരി (വെള്ളള്ള്)

**കുഞ്ഞേട്ടൻ അനുസ്മരണ ഉപന്യാസമത്സരവിജയികൾ**

**ജോയിന്റ് ഡയറക്ടേഴ്സ്**

1) സി. മരിയാൻസി സി.എസ്.എൻ. - തൃക്കാരിയൂർ

2) സി. റാണിറ്റ് എഫ്.സി.സി. - നിർമ്മലമാതാ

**അല്മായർ**

1) മരിയ ബെന്നി - പൈങ്ങോട്ടൂർ

2) സ്വപ്ന ഫിലിപ്പ് - മൂവാറ്റുപുഴ

*CML 56 /2016* **രൂപതാസാഹിത്യമത്സരം**

രൂപതാസാഹിത്യമത്സരങ്ങൾ ആഗസ്റ്റ് 2-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.30-ന് കോതമംഗലം സെന്റ് ജോർജ് ഹയർസെക്കന്ററി സ്കൂൾ, മൂവാറ്റുപുഴ നിർമ്മല പബ്ലിക് സ്കൂൾ, തൊടുപുഴ സെന്റ് സെബാസ്റ്റ്യൻസ് യു.പി. സ്കൂൾ, കാളിയാർ സെന്റ് മേരീസ് സ്കൂൾ എന്നീ കേന്ദ്രങ്ങളിൽ വച്ച് നടത്തപ്പെടും.

*CML 57 /2016* **കുഞ്ഞേട്ടൻ അനുസ്മരണം**

സി.എം.എൽ സ്ഥാപകപിതാവ് ശ്രീ. പി.സി. അബ്രാഹം പല്ലാട്ടുകുന്നേൽ നിര്യാതനായിട്ട് 2016 ആഗസ്റ്റ് 9-ാം തീയതി 6 വർഷം തികയുകയാണ്. മിഷൻലീഗ് സംഘടനയ്ക്ക് രൂപവും ഭാവവും നൽകി അതിനെ വളർത്തി വലുതാക്കിയ കുഞ്ഞേട്ടനെ നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം. സംഘടനാംഗങ്ങൾ അന്നേദിവസം വി. ബലിയിലും കുടുംബപ്രാർത്ഥനയിലും കുഞ്ഞേട്ടനെ അനുസ്മരിക്കുകയും സംഘടനാപ്രവർത്തനത്തിന്റെ വിജയത്തിനായി പ്രാർത്ഥിക്കുകയും ചെയ്യണം.

*CML 58 /2016* **കുഞ്ഞേട്ടൻ അനുസ്മരണ ഉപന്യാസ മത്സരം**

സി.എം.എൽ. സ്ഥാപക നേതാവ് ശ്രീ. പി.സി. അബ്രാഹം പല്ലാട്ടുകുന്നേലിന്റെ ഓർമ്മയ്ക്കായി ഉപന്യാസമത്സരം നടത്തപ്പെടുന്നു. 2 വിഭാഗത്തിലായിരിക്കും മത്സരങ്ങൾ. വിഷയങ്ങൾ താഴെ ചേർക്കുന്നു:

1 ഡയറക്ടേഴ്സ്, ജോ. ഡയറക്ടേഴ്സ് എന്നിവർക്കായി ഉപന്യാസമത്സരം. വിഷയം: **"കാരുണ്യം സമർപ്പിതജീവിതത്തിൽ."**

2 അല്മായ മിഷനറിമാർക്കായി ഉപന്യാസ മത്സരം. വിഷയം: **"ലിസ്യൂവിലെ വിശുദ്ധ ദമ്പതികൾ കുടുംബങ്ങൾക്ക് മാതൃക."**

(രചന 6 പേജിൽ കുറയാത്തതായിരിക്കണം. 2016 നവംബർ 30-ന് മുമ്പ് ഓഫീസിൽ എത്തിക്കേണ്ടതാണ്. ഏറ്റവും നല്ല രചനകൾക്ക് യഥാക്രമം 1001, 701, 501 എന്നിങ്ങനെ ക്യാഷ് അവാർഡുകൾ ഏർപ്പെടുത്തിയിരിക്കുന്നു.)



*CML 59/2016* **ഡിബേറ്റ് മത്സരം**

ഈ വർഷത്തെ ഡിബേറ്റ് മത്സരത്തിന്റെ വിഷയം "വേണ്ടത് പരിസ്ഥിതി സംരക്ഷണമോ, വികസനമോ" എന്നതായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് സി.എം. എൽ. മാർഗ്ഗരേഖ 2016-17 പേജ് 31 കാണുക.

*CML 60 /2016* **ലീഡ് 2016 രൂപതാ ക്യാമ്പ്**

രൂപതയിലെ എല്ലാ ശാഖാ-മേഖലാ ഭാരവാഹികളെയും പങ്കെടുപ്പിച്ചുകൊണ്ട് ഒരു ദ്വിദിനനേതൃത്വ പരിശീലന ക്യാമ്പ് ആഗസ്റ്റ് 26-ാം തീയതി 6 മണി മുതൽ 28-ാം തീയതി രാവിലെ 8 മണി വരെ മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടത്തുന്നു. വിവിധ വിഷയങ്ങളിൽ പ്രഗത്ഭരായവർ നേതൃത്വം നൽകുന്നു.

*CML 61 /2016* **കരുണയുടെ കവാടംതേടി**

കരുണയുടെ വർഷാചരണത്തോടനുബന്ധിച്ച് അഭിവന്ദ്യ പിതാവിന്റെ അനുഗ്രഹത്തോടെ കോതമംഗലം രൂപത ചെറുപുഷ്പ മിഷൻ ലീഗ് എല്ലാ രൂപതാംഗങ്ങൾക്കും പൂർണ്ണദണ്ഡ വിമോചന പ്രാപ്തിക്കായി അവസരമൊരുക്കുന്നു.

രൂപതയിലെ തീർത്ഥാടനകേന്ദ്രങ്ങളായ തൊടുപുഴ ഡിവൈൻ മേഴ്സി ഷ്റൈനിലും, കോതമംഗലം കത്തീഡ്രൽ, മുതലക്കോടം സെന്റ് ജോർജ്ജ്, ആരക്കുഴ സെന്റ് മേരീസ്, മൈലക്കൊമ്പ് സെന്റ് തോമസ്, നെടിയശാല സെന്റ് മേരീസ്, വണ്ണപ്പുറം മാർസ്ലീവാ, നാകപ്പുഴ സെന്റ് മേരീസ് എന്നീ ഇടവകകളിലും മുൻകൂട്ടി ക്രമീകരിച്ചിട്ടുള്ളതനുസരിച്ച് ഓരോ ഇടവകയിൽ നിന്നും ബഹുമാനപ്പെട്ട വൈദികരുടെ ആത്മീയനേതൃത്വത്തിൽ **ആഗസ്റ്റ് മാസം 24-ാം തീയതി** കുഞ്ഞുമിഷനറിമാർ ഒന്നാകെ കരുണയുടെ കവാടം കടന്ന് വി. കുർബ്ബാന സ്വീകരിച്ച് ജീവിതത്തിൽ അപൂർവ്വമായി മാത്രം തിരുസഭ തരുന്ന സുവർണ്ണാവസരത്തിൽ പങ്കുചേരുന്നു. ഓരോ ഇടവകയിൽനിന്നും വരുന്നവർ നിശ്ചിതസമയത്ത് എത്തിച്ചേരണം. ദിവ്യബലിയർപ്പണവും ആഘോഷമായ ദിവ്യകാരുണ്യസ്വീകരണവും കരുണയുടെ സന്ദേശവും തീർത്ഥാടകർക്കായി ഒരുക്കുന്നു.

**ഇടവകകളിൽ ചെയ്യേണ്ടത്:**

❖ ഈ മഹാസംഗമത്തിന്റെ പൂർണ്ണതയ്ക്കായി ഇടവക സമൂഹം ഒന്നാകെ കരുണയുടെ ജപമാല ചൊല്ലി ഒരുങ്ങുക.

❖ പാരീഷ് കൗൺസിൽ അംഗങ്ങളുടെയും കുടുംബകൂട്ടായ്മ-ഭക്തസംഘ

ടന ഭാരവാഹികളുടെയും നേതൃത്വത്തിൽ തീർത്ഥാടനത്തിനായി കമ്മിറ്റികൾ രൂപീകരിക്കുക.

- ❖ പൂർണ്ണ ദണ്ഡവിമോചനത്തിന്റെ ഭാഗമായ കുമ്പസാരത്തിനുവേണ്ട ക്രമീകരണങ്ങൾ തീർത്ഥാടനത്തിനുമുമ്പായി ചെയ്യുക.
- ❖ ഉചിതമായ രീതിയിൽ വാഹനങ്ങൾ ക്രമീകരിക്കുക.

*CML 62 /2016* **ശാഖകൾക്കു നല്കിയിരിക്കുന്ന കരുണയുടെ ദൈവാലയങ്ങൾ**

| കരുണയുടെ കവാടം | മേഖല | ശാഖകൾ |
|---|---|---|
| കോതമംഗലം<br>2.00 p.m. | കോതമംഗലം | മേഖലയിലെ എല്ലാ ശാഖകളും |
| | ഊന്നുകൽ | മേഖലയിലെ എല്ലാ ശാഖകളും |
| ആരക്കുഴ<br>9.00 a.m. | മൂവാറ്റുപുഴ | മേഖലയിലെ എല്ലാ ശാഖകളും |
| വണ്ണപ്പുറം<br>9.00 a.m. | കാളിയാർ | മേഖലയിലെ എല്ലാ ശാഖകളും |
| നാകപ്പുഴ<br>9.00 a.m. | വാഴക്കുളം | മേഖലയിലെ എല്ലാ ശാഖകളും |
| മുതലക്കോടം<br>2.00 p.m. | കരിമണ്ണൂർ | മേഖലയിലെ എല്ലാ ശാഖകളും |
| | മുതലക്കോടം | മുതലക്കോടം, ചാലാശ്ശേരി, വാഴക്കാല, വണ്ടമറ്റം, പാറപ്പുഴ |
| മൈലക്കൊമ്പ്<br>9.00 a.m. | തൊടുപുഴ | മൈലക്കൊമ്പ്, ഏഴല്ലൂർ, പെരുമ്പിള്ളിച്ചിറ |
| നെടിയശാല<br>9.00 a.m. | തൊടുപുഴ | നെടിയശാല, മാറിക, കുണിഞ്ഞി, കോലടി, പുറപ്പുഴ |
| ഡിവൈൻ മേഴ്സി ഷ്റൈൻ തൊടുപുഴ<br>9.00 a.m. | തൊടുപുഴ | തൊടുപുഴ, പൊന്നന്താനം, തൊടുപുഴ ഈസ്റ്റ്, ചിറ്റൂർ, നെടിയകാട്, തലയനാട് |
| | മുതലക്കോടം | കല്ലാനിക്കൽ, വെട്ടിമറ്റം, അഞ്ചിരി, കലയന്താനി, പന്നിമറ്റം, ആലക്കോട് |

*Director*



# കെ.സി.എസ്.എൽ.

*KCSL 30/2016* **വചനബോർഡ്**

വചനത്തോട് കുട്ടികളിൽ താല്പര്യം ഉണ്ടാക്കുവാൻ വേണ്ടിയും വചനം പഠിക്കുന്നതിനുമായി സ്കൂളുകളിൽ വചനബോർഡുകൾ സ്ഥാപിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

*KCSL 31/2016* **അംഗത്വം**

യൂണിറ്റിൽ ആഗസ്റ്റ് 10-നകം അംഗത്വസ്വീകരണം പൂർത്തിയാക്കി ലിസ്റ്റിന്റെ 3 കോപ്പികളും അംഗത്വഫീസും ആഗസ്റ്റ് 15-ന് മുമ്പ് ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

*KCSL 32/2016* **പഠനനാനുഭവ ധ്യാനം**

എസ്.എസ്.എൽ.സി., പ്ലസ് ടു വിദ്യാർത്ഥികൾക്കായുള്ള പഠനാനുഭവപ്രാർത്ഥനാധ്യാനം സെപ്തംബർ 11-ാം തീയതി 4 മണിക്ക് ആരംഭിച്ച് 14-ാം തീയതി രാവിലെ 10 മണിവരെ മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടത്തുന്നു. ഫീസ് 500 രൂപ. താത്പര്യമുള്ളവർ ആഗസ്റ്റ് 30-ാം തീയതിക്കുമുമ്പ് ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യുക.

*KCSL 33/2016* **സാഹിത്യോത്സവം**

ഈ വർഷത്തെ സാഹിത്യോത്സവ മത്സരങ്ങൾ ആഗസ്റ്റ് 27-ാം തീയതി നിർമ്മല പബ്ലിക് സ്കൂളിൽ വച്ച് നടത്തുന്നു. മത്സരത്തിൽ പങ്കെടുക്കുന്നവരുടെ ലിസ്റ്റ് ആഗസ്റ്റ് 13-ന് മുമ്പ് ഓഫീസിൽ എത്തിക്കേണ്ടതാണ്.

സംസ്ഥാനതല സാഹിത്യമത്സരം ഒക്ടോബർ 8-ാം തീയതി പി.ഒ.സി.-യിൽ വച്ചായിരിക്കും. രൂപതാതലത്തിൽ ഒന്നാംസ്ഥാനം കരസ്ഥമാക്കുന്നവർക്കായിരിക്കും സംസ്ഥാനതലമത്സരത്തിൽ പങ്കെടുക്കാൻ കഴിയുക.

*KCSL 34/2016* **ഇന്റർ സ്കൂൾ ബൈബിൾ ക്വിസ്**

ഇന്റർ സ്കൂൾ ബൈബിൾ ക്വിസ് മത്സരം ആഗസ്റ്റ് 19-ാം തീയതി വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് താഴെ കൊടുത്തിരിക്കുന്ന കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്.

1) സെന്റ് അഗസ്റ്റിൻസ് GHSS, കോതമംഗലം
2) സെന്റ് അഗസ്റ്റിൻസ് GHSS, മൂവാറ്റുപുഴ
3) ജയ്റാണി ഇംഗ്ലീഷ് മീഡിയം സ്കൂൾ, തൊടുപുഴ

*Director*

## ദീപിക ഫ്രണ്ട്സ് ക്ലബ്ബ് (DFC)

*DFC 23/2016* **അഭിനന്ദനങ്ങൾ**

രണ്ടാമത്തെയും മൂന്നാമത്തെയും സമ്പൂർണ്ണ ദീപിക ഇടവകകളായി മാറിയ രണ്ടാർ ഇടവകയ്ക്കും പോത്താനിക്കാട് ഇടവകയ്ക്കും വികാരിമാരായ ബഹു. കുര്യാക്കോസ് കച്ചിറമറ്റം അച്ചനും ബഹു. മാത്യു കാക്കനാട്ട് അച്ചനും DFC ഭാരവാഹികൾക്കും അഭിനന്ദനങ്ങൾ.

*DFC 24/2016* **റീജിയണൽ ഡയറക്ടേഴ്സ് മീറ്റ്**

DFC റീജിയണൽ ഡയറക്ടർമാരുടെ സമ്മേളനം ജൂലൈ 16 ശനിയാഴ്ച 3.00 pm-ന് കോതമംഗലം ബിഷപ്സ് ഹൗസിൽ വച്ച് അഭിവന്ദ്യ പിതാവിന്റെ അദ്ധ്യക്ഷതയിലും വികാരി ജനറാൾ മോൺ. ജോർജ് ഓലിയപ്പുറത്തിന്റെ സാന്നിദ്ധ്യത്തിലും ചേർന്നു. DFC രൂപതാ ഡയറക്ടർ ഫാ. സ്കറിയ പുന്നമറ്റം ചർച്ചകൾക്ക് നേതൃത്വം നൽകി. റീജിയണുകളിലെ മുഴുവൻ ഇടവകകളിലും DFC യൂണിറ്റുകളുണ്ടാക്കുവാനും ദീപിക പത്രത്തിന്റെ സർക്കുലേഷൻ വർദ്ധിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുവാനും തീരുമാനിച്ചു.

*DFC 25/2016* **പ്രാർത്ഥനാകൂട്ടായ്മയും കുടുംബസംഗമവും**

സഭയുടെ പത്രമായ ദീപികയുടെ വളർച്ചയിലെ തടസ്സങ്ങൾ മാറുന്നതിനുവേണ്ടി അർദ്ധദിന പ്രാർത്ഥനാകൂട്ടായ്മയും കുടുംബസംഗമവും നടത്താൻ തീരുമാനിച്ചിരിക്കുന്നു. ഈ വരുന്ന ആഗസ്റ്റ് 6 ശനിയാഴ്ച രാവിലെ 10 മണിക്ക് മൂവാറ്റുപുഴ NESTT ൽ വച്ച് ദിവ്യബലി, ആരാധന, ക്ലാസ്സ് എന്നീ പരിപാടികളോടെയാണ് ഇത് നടത്തുന്നത്. മുഴുവൻ ഫൊറോന, റീജിയണൽ ഭാരവാഹികളും അവരുടെ കുടുംബാംഗങ്ങളുമാണ് ഇതിൽ പങ്കെടുക്കേണ്ടത്. അഭിവന്ദ്യ പിതാവും വികാരിജനറാൾമാരും ഈ കൂട്ടായ്മയിൽ സംബന്ധിക്കും.

*DFC 26/2016* **DFC വഴി ജൂലൈ മാസത്തിൽ ചേർന്ന ദീപിക വരിക്കാരുടെ എണ്ണവും ഇടവകകളും**

കുണിഞ്ഞി - 50

*Co-ordinator*



## യുവദീപ്തി

*YD 34/2016* **അർധവാർഷിക കൗൺസിൽ**

കെ.സി.വൈ.എം. കോതമംഗലം രൂപത അർദ്ധവാർഷിക കൗൺസിൽ മൂവാറ്റുപുഴ നിർമ്മല പബ്ലിക് സ്കൂളിൽ നടന്നു. രൂപതാ ചാൻസിലർ റവ. ഡോ. ജോർജ് തെക്കേക്കര ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡന്റ് ടോം ചക്കാലക്കുന്നേൽ അദ്ധ്യക്ഷത വഹിച്ചു. രൂപതാഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കണിമറ്റത്തിൽ ആമുഖ പ്രഭാഷണം നടത്തി. ഐ.സി.വൈ.എം. നാഷണൽ പ്രസിഡന്റ് സിജോ അമ്പാട്ടിന് കൗൺസിൽ സ്വീകരണം നൽകി. രൂപതാസെക്രട്ടറിമാരായ അഭി മാത്യു, ജിനു ജോസ് എന്നിവർ പ്രസംഗിച്ചു. ഫൊറോന, രൂപത റിപ്പോർട്ടുകളുടെ അവതരണം നടത്തി. വിവിധ ഫൊറോന കളിൽ നിന്നായി 62 പ്രതിനിധികൾ പങ്കെടുത്തു. സഹകരിച്ച എല്ലാവർക്കും നന്ദി.

*YD 35/2016* **ക്വിസ് മത്സരം**

ഫൊറോനാതല ക്വിസ് മത്സരം ജൂലൈ 24-ാം തീയതി 2.00 pm -ന് അതാതു ഫൊറോന കേന്ദ്രങ്ങളിൽ വച്ച് നടന്നു. സഹകരിച്ച എല്ലാവർക്കും നന്ദി.

രൂപതാതല ക്വിസ് മത്സരം ആഗസ്റ്റ് 21-ാം തീയതി മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ചായിരിക്കും നടക്കുന്നത്.

*YD 36/2016* **വിയാനി ഡേ**

വിയാനി ദിനമായ ആഗസ്റ്റ് 7-ാം തീയതി യുവജനങ്ങൾ ഇടവകകളിൽ ബഹു. വികാരിയച്ചന്മാരോടൊത്ത് ആയിരിക്കുവാനും ആഘോഷപരിപാടികൾ നടത്തുവാനും ശ്രദ്ധിക്കുമല്ലോ. എല്ലാ ബഹു. വൈദികർക്കും വിയാനി ദിനത്തിന്റെ ആശംസകൾ നേരുന്നു.

*YD 37/2016* **മാതാവിന്റെ സ്വർഗാരോപണ തിരുനാളും, സ്വാതന്ത്ര്യദിനവും**

ആഗസ്റ്റ് 15-ാം തീയതി പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗാരോപണത്തിരുനാളും സ്വാതന്ത്ര്യദിനവും നാം ആഘോഷിക്കുകയാണല്ലോ. ഈ അവസരത്തിൽ എല്ലാവർക്കും സ്വർഗാരോപണത്തിരുനാളിന്റെയും സ്വാതന്ത്ര്യദിനത്തിന്റെയും മംഗളങ്ങൾ നേരുന്നു.

*YD 38/2016* **ഡിബേറ്റ് മത്സരം**

യുവജനപ്രസ്ഥാനത്തിലുള്ള യുവതികൾക്കായി ഡിബേറ്റ് മത്സരം ആഗസ്റ്റ് 24-ന് നടത്തുന്നതാണ്.

*YD 39 /2016* **ഫൊറോന അർദ്ധവാർഷിക കൗൺസിൽ**

കഴിഞ്ഞ മാസങ്ങളിലെ പ്രവർത്തനങ്ങൾ വിലയിരുത്തുവാനും നൂതന പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും ഫൊറോന അർദ്ധവാർഷിക കൗൺസിൽ നടത്തുവാൻ ശ്രദ്ധിക്കുമല്ലോ.

*Director*

## ജീസസ് യൂത്ത്

*JY 18 /2016* **ജീസസ് യൂത്ത് ലീഡേഴ്സ് ഗാതറിംങ്ങ്**

ജീസസ് യൂത്ത് കോതമംഗലം സോണിലെ മുതിർന്ന അംഗങ്ങളുടെ കൂട്ടായ്മ ജൂലൈ 9 ശനിയാഴ്ച നിർമ്മല കോളേജിൽ വച്ച് നടന്നു. 150 പേർ പങ്കെടുത്തു. ജോസ്മി, ജോബി എന്നിവർ ക്ലാസ്സ് നയിച്ചു.

*JY 19 /2016* **Full Timers**

കോതമംഗലം സോണിൽ നിന്നും കടവൂർ ഇടവകയിലെ ഡിജോ തെക്കേക്കുന്നേൽ, കലൂർ ഇടവകയിലെ ദിവ്യ ജോൺസൺ എന്നിവർ ഈ വർഷം Full Timers ആയി Commitment എടുത്തു. ഡിജോയ്ക്ക് മാനന്തവാടിയിലും, ദിവ്യയ്ക്ക് കർണ്ണാടകയിലെ ഗുൽബർഗ്ഗയിലും ആണ് Commitment Place ലഭിച്ചിരിക്കുന്നത്. അവർ ഇരുവർക്കും കോതമംഗലം സോണിന്റെ പ്രാർത്ഥനാശംസകൾ നേരുന്നു.

*JY 20 /2016* **നൈറ്റ് വിജിൽ**

ജൂലൈ മാസത്തിലെ നൈറ്റ് വിജിൽ 9–ാം തീയതി ശനിയാഴ്ച മുവാറ്റുപുഴ NESTT- ൽ വച്ച് നടന്നു. അടുത്ത നൈറ്റ് വിജിൽ ആഗസ്റ്റ് 13–ാം തീയതി ആയിരിക്കും.

*Animator*

## ഫാമിലി അപ്പോസ്റ്റലേറ്റ്

*FA 21 /2016* **ആനിമേറ്റേഴ്സ് മീറ്റ്**

ഫാമിലി അപ്പോസ്റ്റലേറ്റ് ഫൊറോന, ഇടവക ആനിമേറ്റർമാരുടെ സംഗമം ഓഗസ്റ്റ് 1–ാം തീയതി വൈകുന്നേരം 5 മണിക്ക് ആരംഭിച്ച് 2–ാം തീയതി വൈകുന്നേരം 4.00 മണി വരെ NESTT പാസ്റ്ററൽ സെന്ററിൽ കൂടുന്നു.



*FA 22 /2016* **രൂപതാ കൗൺസിൽ**

ഫാമിലി അപ്പോസ്റ്റലേറ്റ് രൂപതാ കൗൺസിൽ ഓഗസ്റ്റ് 2–ാം തീയതി ഉച്ചകഴിഞ്ഞ് 2 മണി മുതൽ NESTT പാസ്റ്ററൽ സെന്ററിൽ ചേരുന്നു. രൂപതാ, ഫൊറോനാ ഭാരവാഹികൾ പങ്കെടുക്കണം.

*FA 23 /2016* **ഹോംമിഷൻ ട്രെയിനിംഗ് പ്രോഗ്രാം**

രൂപതാ തലത്തിൽ സിസ്റ്റേഴ്സും അല്മായരുമടങ്ങുന്ന ഒരു ഹോംമിഷൻ ടീമിന് ഫാമിലി അപ്പോസ്റ്റലേറ്റ് രൂപം കൊടുക്കുന്നു. ഇവർക്കായുള്ള ഒരു ട്രെയിനിംഗ് പ്രോഗ്രാം ആഗസ്റ്റ് 5 വെള്ളിയാഴ്ച വൈകിട്ട് 5 മണി മുതൽ 6–ാം തീയതി ശനിയാഴ്ച വൈകിട്ട് 4 മണിവരെ NESTT പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുന്നു.

*FA 24 /2016* **ഫാമിലി ഗൈഡൻസ് സെന്റർ**

എപ്പാർക്കിയൽ അസംബ്ലിയിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ NESTT പാസ്റ്ററൽ സെന്ററിൽ ഫാമിലി കൗൺസലിംഗ് സെന്റർ ആരംഭിക്കുന്നു. ആഗസ്റ്റ് 5–ാം തീയതി വൈകിട്ട് 7 മണിക്ക് അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് കൗൺസലിംഗ് സെന്റർ ഉദ്ഘാടനം ചെയ്യുന്നതാണ്. ഞായറാഴ്ചകളിൽ ഉച്ചകഴിഞ്ഞ് 2 മണി മുതൽ 6 മണി വരെയും മറ്റു ദിവസങ്ങളിൽ രാവിലെ 9 മണി മുതൽ വൈകിട്ട് 5 മണി വരെയും കൗൺസലിംഗ് സൗകര്യമുണ്ടായിരിക്കും.

*FA 25 /2016* **കുടുംബ കൂട്ടായ്മ**

എല്ലാ മാസത്തെയും കുടുംബകൂട്ടായ്മകൾ പ്രാർത്ഥനയോടൊപ്പം പങ്കുവയ്ക്കലിന്റെയും ചർച്ചകളുടെയും കൂടി വേദികളായി മാറണമെന്ന് എപ്പാർക്കിയൽ അസംബ്ലിയിൽ തീരുമാനിക്കുകയുണ്ടായി. കുടുംബജീവിതവുമായി ബന്ധപ്പെട്ട് മെത്രാന്മാരുടെ സിനഡിൽ നടന്ന ചർച്ചകളുടെ വെളിച്ചത്തിൽ ഫ്രാൻസീസ് പാപ്പാ എഴുതിയിരിക്കുന്ന 'സ്നേഹത്തിന്റെ സന്തോഷം' എന്ന പ്രമാണരേഖയെ സംബന്ധിച്ച് വിവിധ തലങ്ങളിൽ ചർച്ചകൾ നടത്തണമെന്ന് റോമിൽ നിന്നും നിർദ്ദേശിച്ചിരുന്നു. കുടുംബകൂട്ടായ്മകളിൽ ഈ ചർച്ചകൾ വിജയകരമായി നടത്തുന്നതിന് 'സ്നേഹത്തിന്റെ സന്തോഷം' എന്ന പുസ്തകത്തിന്റെ ഒരു കോപ്പി എല്ലാ കുടുംബക്കൂട്ടായ്മകളിലും ഉണ്ടായിരിക്കുന്നത് നല്ലതാണ്. കൂടുതൽ കോപ്പികൾ ആവശ്യമുള്ളവർക്ക് ഫാമിലി അപ്പോസ്റ്റലേറ്റിന്റെ കേന്ദ്രഓഫീസിൽ നിന്നും വാങ്ങാവുന്നതാണ്. ചർച്ചകൾക്കുള്ള മാർഗ്ഗരേഖ അടുത്ത ലക്കത്തിലെ ദൈവരാജ്യത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്.

*FA 26 /2016* **നിർമ്മല മാട്രിമണി**

രൂപതയിലെ അവിവാഹിതരായ മുഴുവൻ ആളുകളുടെയും വിവരങ്ങൾ ശേഖരിച്ച് നിർമ്മല മാട്രിമണിയിൽ രജിസ്റ്റർ ചെയ്യുന്നു. വിവരശേഖരണത്തിനായുള്ള ഫാറം ഇടവകകളിൽ എത്തിക്കുന്നതാണ്. പൂരിപ്പിച്ച ഫാറങ്ങൾ ആഗസ്റ്റ് 31-ന് മുമ്പായി രൂപതാ കേന്ദ്രത്തിൽ തിരിച്ച് ഏല്പിക്കണം. കൂടുതൽ വിവരങ്ങൾക്ക്: Mob. 9495011191

*FA 27 /2016* **വിവാഹ ഒരുക്ക സെമിനാർ**

| | | |
|---|---|---|
| August | 3 - 5 - | NESTT |
| " | 17 - 19 - | NESTT |

*FA 28 /2016* **Marriage Preparation Courses in Kerala, August 2016**

| DIOCESE / ARCHDIOCESE | 1st Week | 2nd Week | 3rd Week | 4th Week |
|---|---|---|---|---|
| Alapppuzha | 5-7 | | 19-21 | |
| Changanacherry | | | | |
| Ernakulam (Kaloor) | 8-10 | 15-17 | | 29-31 |
| Ernakulam (Kalady) | 2-4 | | 16-18 | 30-1 |
| Idukki | | | 15-17 | |
| Irinjalakuda | 8-10 | | | 22-24 |
| Kanjirappally | 1-3 | | | 25-27 |
| Kochi (Latin) | 4-7 | | | |
| Kollam (Latin) | | 10-12 | | 24-26 |
| Kothamangalam | 3-5 | | 17-19 | |
| Kottappuram (Latin) | 3-5 | | | |
| Kottayam | | 11-13 | | |
| Mananthavady | 7-10 | | | 26-29 |
| Mavelikkara (Malankara) | | 12-14 | | |
| Neyyattinkara (Latin) | | 10-12 | | |
| Pala | 1-3 | | | 22-24 |
| Palakkad | 1-4 | | | |
| Pathanamthitta | | 12-14 | | |
| Sulthanpett | 6-7 | | | |
| Thalassery | 2-4 | | 16-18 | |
| Thamarassery | | 10-13 | | |
| Thiruvalla | 2-4 | | 16-18 | 30-1 |
| Thiruvananthapuram (Latin) | 1-3 | | | 29-31 |
| Thiruvananthapuram (Malankara) | | 12-14 | | |
| Thrissur | 3-5 | 10-12 | 17-19 | 24-26,31-2 |
| Varappuzha | 5-7 | | 19-21 | |
| Vijayapuram | | 11-14 | 18-20 | 25-27 |

*Director*



## മാതൃവേദി

*MV 25 /2016* **ദേശീയ ജനറൽ ബോഡി മീറ്റിംഗ്**

കാക്കനാട്ട് മൗണ്ട് സെന്റ് തോമസിൽ വച്ചു നടത്തിയ മാതൃവേദിയുടെ ദേശീയ ജനറൽ ബോഡി മീറ്റിംഗിൽ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ വലിയതാഴത്തും രൂപതാകൗൺസിൽ ഭാരവാഹികളും പങ്കെടുക്കുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു.

*MV 26 /2016* **മഡോണ റിട്രീറ്റ് ടീം**

രൂപതാ മാതൃവേദിയുടെ ആഭിമുഖ്യത്തിൽ അമ്മമാർക്കായി ഇടവകകളിൽ രണ്ടോ മൂന്നോ ദിവസങ്ങൾ നീണ്ടുനിൽക്കുന്ന ധ്യാനപരിപാടി സംഘടിപ്പിക്കുന്നതിനുള്ള ടീം തയ്യാറായിരിക്കുന്നു. ഫോൺ. 8289980757.

*MV 27 /2016* **പുതിയ ഭാരവാഹികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | – | നിഷ സോമൻ തെറ്റയിൽ, തൊടുപുഴ |
| സെക്രട്ടറി | – | ലൈല സെബാസ്റ്റ്യൻ കൊറ്റം, മൂവാറ്റുപുഴ |
| ട്രഷറർ | – | ഗ്രേസി ജോയി നെടുംതടത്തിൽ, വാഴക്കുളം |
| വൈ. പ്രസിഡന്റ് | – | ലൂസി സെബാസ്റ്റ്യൻ കൊച്ചുപറമ്പിൽ, കുണിഞ്ഞി |
| ജോ. സെക്രട്ടറി | – | ലൂസി ലൂയി പാറത്താഴം, കരിമണ്ണൂർ |

*Director*

## ഓൾ കേരള കാത്തലിക് കോൺഗ്രസ് (AKCC)

*AKCC 11 /2016* **ലോക പരിസ്ഥിതി ദിനം ആചരിച്ചു**

കത്തോലിക്കാ കോൺഗ്രസ് കോതമംഗലം രൂപതയുടെ ആഭിമുഖ്യത്തിൽ 5-6-2016-ൽ ലോക പരിസ്ഥിതി ദിനം ആചരിച്ചു. തൊടുപുഴ സെന്റ് സെബാസ്റ്റ്യൻസ് ഫൊറോനാപള്ളി മുറ്റത്തു ചേർന്ന പൊതുസമ്മേളനം കത്തോലിക്കാ കോൺഗ്രസ് തൊടുപുഴ ഫൊറോനാ ഡയറക്ടർ റവ. ഫാ. ജോസ് പുല്ലോപ്പിള്ളിൽ വൃക്ഷത്തൈ നട്ട് ഉദ്ഘാടനം ചെയ്തു. തുടർന്ന് രൂപതാ പ്രസിഡന്റ് ശ്രീ. ഐപ്പച്ചൻ തടിക്കാട്ടിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കത്തോലിക്കാ കോൺഗ്രസ് കേന്ദ്രജനറൽ സെക്രട്ടറി അഡ്വ. ബിജു പറയന്നിലം പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യത്തെപ്പറ്റിയും മരങ്ങൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും പ്രസംഗിച്ചു.

സമ്മേളനത്തിന് കത്തോലിക്കാകോൺഗ്രസ് കോതമംഗലം രൂപതാ ജനറൽ സെക്രട്ടറി അഡ്വ. ജോസ് ഇലഞ്ഞിക്കൽ, ട്രഷറർ ശ്രീ. ജോൺ മുണ്ടങ്കാവിൽ, ഫൊറോനാ യൂണിറ്റ് നേതാക്കൾ എന്നിവർ നേതൃത്വം നല്കി.

*Director*

## Emmanuel Retreat Centre, Vazhakulam

*ERC 12 /2016* **ആഗസ്റ്റ് മാസത്തിലെ ശുശ്രൂഷകൾ**

1 ആദ്യവ്യാഴം (04-08-2016)

"ബഹു. വൈദികരുടെ കൂട്ടായ്മ" - 7.00 pm മുതൽ 9.00 pm വരെ.

2 ആദ്യ ശനി (06-08-2016)

"എമ്മാനുവേൽ ഏകദിന കൺവെൻഷൻ"- 9.00 am മുതൽ 1.00 pm വരെ. (ജപമാല, വി. കുർബാന, വചനശുശ്രൂഷ, ദിവ്യകാരുണ്യ ആരാധന, രോഗശാന്തിശുശ്രൂഷ, ദൈവകരുണയുടെ നൊവേന)

3 രണ്ടാം ശനി (13-08-2016)

"എമ്മാനുവേൽ ക്രിസ്റ്റീൻ കൺവെൻഷൻ" 9.00 am മുതൽ - 1.00 pm വരെ.

(6 വയസ്സുമുതൽ 18 വയസ്സുവരെയുള്ള കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും അദ്ധ്യാപകർക്കും വേണ്ടി) വി. കുർബാന, വചനപ്രഘോഷണം, ദിവ്യകാരുണ്യ ആരാധന, ആന്തരീക സൗഖ്യ പ്രാർത്ഥന, കൈവയ്പ് ശുശ്രൂഷ.

4 മൂന്നാം വ്യാഴം (18-08-2016)

"അഖണ്ഡ കരുണക്കൊന്ത", 9.00 am-ന് ആരംഭിച്ച് 5.30 pm-ന് വിശുദ്ധ കുർബാനയോടുകൂടി സമാപിക്കും.

6 അവസാന വെള്ളി (26-08-2016)

"രാത്രി ആരാധന" (Night Vigil)

വൈകുന്നേരം 4.30-ന് കുരിശിന്റെ വഴിയോടുകൂടി ശുശ്രൂഷകൾ ആരംഭിക്കുന്നു. തുടർന്ന് വി. കുർബാന, വചനപ്രഘോഷണം, ദിവ്യകാരുണ്യ ആരാധന, ദിവ്യകാരുണ്യ പ്രദക്ഷിണം, ജപമാല പ്രദക്ഷിണം. രാത്രി 10 മണിക്ക് ശുശ്രൂഷകൾ സമാപിക്കും.

NB. എല്ലാ തിങ്കളാഴ്ചകളിലും വ്യാഴാഴ്ചകളിലും രാവിലെ 9 മണി മുതൽ



ജപമാല, മദ്ധ്യസ്ഥപ്രാർത്ഥന, കുമ്പസാരം, കൗൺസലിംഗ് എന്നിവ ഉണ്ടായിരിക്കും. വൈകിട്ട് 5.30-ന് വി. കുർബാനയോടുകൂടി സമാപിക്കും.

*Director*

## പ്രാർത്ഥനാഗ്രൂപ്പ്

*PG 20 /2016* **കുടുംബ സന്ദർശനം**

കരിസ്മാറ്റിക് നവീകരണത്തിലുള്ള കുടുംബബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനായി കോതമംഗലം സോണിലെ സബ് സോണുകളായ കോതമംഗലം, ഊന്നുകൽ, പൈങ്ങോട്ടൂർ, മൂവാറ്റുപുഴ, വാഴക്കുളം, തൊടുപുഴ, കരിമണ്ണൂർ, മാറിക എന്നിവിടങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 80 സർവ്വീസ് ടീം അംഗങ്ങളുടെ ഭവനങ്ങൾ സന്ദർശിച്ചു. കരിസ്മാറ്റിക് സോണൽ ആനിമേറ്റർ റവ. ഫാ. ജോർജ് കുരിശുംമൂട്ടിൽ കോ-ഓർഡിനേറ്റർ സോജൻ കെ.പോൾ സെക്രട്ടറി ജോൺസൺ കുഞ്ഞിലക്കോട്ട് എന്നിവർ നേതൃത്വം നൽകി.

*PG 21 /2016* **KST സന്ദർശനം**

KST യുടെ പുതുതായി തെരെഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾ ആയ ചെയർമാൻ റവ. ഫാ. വർഗീസ് മുണ്ടക്കൽ, വൈസ് ചെയർമാൻ ഷാജി വൈക്കത്തുപറമ്പിൽ, സെക്രട്ടറി സെബാസ്റ്റ്യൻ താന്നിക്കൽ എന്നിവർ KST മുൻ ചെയർമാൻ റവ. ഫാ. ജെയിംസ് കക്കുഴി, സോണൽ ആനിമേറ്റർ റവ. ഫാ. ജോർജ് കുരിശുംമൂട്ടിൽ എന്നിവരുടെ നേതൃത്വത്തിലുള്ള കോതമംഗലം സോണിലെ സോണൽ, സബ് സോൺ, വിവിധ മിനിസ്ട്രികളുടെ സർവ്വീസ് ടീം അംഗങ്ങൾ എന്നിവരെ കാരക്കുന്നം ഇടവക പാരീഷ് ഹാളിൽ വച്ച് ജൂലൈ 16-ാം തീയതി ശനിയാഴ്ച സന്ദർശിച്ച്, ചർച്ചകൾ നടത്തുകയും ഭാവിപരിപാടികൾ ആവിഷ്കരിക്കുകയും ചെയ്തു.

*Director*

## D.C.M.S.

*DCMS 8 /2016* **ഏകദിനസെമിനാർ**

രൂപതാസമിതിയുടെ നേതൃത്വത്തിൽ 4-ാം ക്ലാസ്സുമുതൽ 7-ാം ക്ലാസ്സു

വരെയുള്ള ദളിത് കത്തോലിക്കാ കുട്ടികൾക്കായി മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് ആഗസ്റ്റ് 13-ാം തീയതി 9.00 മുതൽ 4.00 വരെ ഏകദിനസെമിനാർ നടത്തുന്നു. ഈ സെമിനാറിലേക്ക് ഓരോ ഇടവകയിൽ നിന്നും ദളിത് കുട്ടികളെ പറഞ്ഞയയ്ക്കുവാൻ ബ. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

### *DCMS 9 /2016* രക്ഷാകർത്തൃ സെമിനാർ

ജൂലൈ 9-ാം തീയതി മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടന്ന രക്ഷാകർത്താക്കളുടെ സെമിനാറിൽ 53 പേർ പങ്കെടുത്തു. രൂപതാ ചാൻസിലർ റവ. ഡോ. ജോർജ് തെക്കേക്കര സെമിനാർ ഉദ്ഘാടനം ചെയ്തു. കോതമംഗലം രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിന്റെ സാന്നിദ്ധ്യവും ആശീർവാദവും സെമിനാറിനെ ധന്യമാക്കി. സംസ്ഥാന സെക്രട്ടറി ശ്രീ. ജോണി പരമല, ജോ. സെക്രട്ടറി ശ്രീമതി സെലിൻ, ശ്രീ. അഖിൽ ജോസഫ് എന്നിവർ ക്ലാസ്സുകളെടുത്തു. ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കണിമറ്റത്തിൽ, റവ. സി. മെർളി പെരുമ്പനാനി, പ്രസിഡന്റ് ശ്രീ. ജോളി ജോസഫ്, ശ്രീ. ജോസ് റ്റി.ജെ. എന്നിവർ നേതൃത്വം നൽകി.

### *DCMS 10 /2016* കരുണയുടെ കവാടത്തിൽ

2016 ആഗസ്റ്റ് 14-ാം തീയതി 2.00 pm-ന് DCMS രൂപതാസമിതിയുടെ ആഭിമുഖ്യത്തിൽ കരുണയുടെ കവാടമായ നാകപ്പുഴ സെന്റ് മേരീസ് ദൈവാലയത്തിൽ വി. ബലിയും കരുണയുടെ ജപമാലയും ഉണ്ടായിരിക്കും.

*Director*

## അല്മായ ഫ്രാൻസിസ്കൻ സഭ

### *SFO 32/2016* കാരുണ്യപ്രവൃത്തികൾ

1 ഭവന നിർമ്മാണം, ചികിത്സാ സഹായം എന്നീ ആവശ്യങ്ങളിലേക്ക് 10000 രൂപയുടെ സഹായം നൽകി.
2 വാഴപ്പിള്ളി, കാവന, തൊടുപുഴ എന്നിവിടങ്ങളിലെ അഗതിമന്ദിരങ്ങൾ സന്ദർശിച്ച് 25000 രൂപയുടെ സഹായം ചെയ്തു.
3 നിർദ്ധനരായ 12 കുടുംബങ്ങൾക്ക് 10 കിലോ അരി വീതം വിതരണം ചെയ്തു.

### *SFO 33/2016* രാത്രി ആരാധന

ജൂലൈ മാസത്തിലെ രാത്രി ആരാധന ദൈവാനുഭവം നിറഞ്ഞതായിരുന്നു. ആഗസ്റ്റ് മാസത്തിലെ ആരാധന 5-ാം തീയതി ആദ്യവെള്ളിയാഴ്ച രാത്രി 9.30-ന് തൊടുപുഴ സേവിയേഴ്സ് ഹോമിൽ ആരംഭിക്കുന്നു.



### *SFO 34/2016* തിരഞ്ഞെടുപ്പ്

അല്മായ ഫ്രാൻസിസ്കൻ സഭയുടെ കോതമംഗലം, മൂവാറ്റുപുഴ, തൊടുപുഴ റീജിയണുകളുടെ തിരഞ്ഞെടുപ്പ് ജൂലൈ 17-ാം തീയതി മൂവാറ്റുപുഴ നിർമ്മല സദനിൽ വച്ച് നടത്തി. നാഷണൽ മിനിസ്റ്റർ. ബ്രദർ. ഫ്രാൻസീസ് ആൽബർട്ട് OFS തിരഞ്ഞെടുപ്പിന് നേതൃത്വം നല്കി. കോതമംഗലം റീജിയന്റെ മിനിസ്റ്റർ ആയി ബ്രദർ. സോജൻ നടുക്കുടി OFS, മൂവാറ്റുപുഴ റീജിയന്റെ മിനിസ്റ്റർ ആയി ബ്രദർ. അരുൺ കാട്രുകുടി OFS, തൊടുപുഴ റീജിയന്റെ മിനിസ്റ്റർ ആയി ബ്രദർ. ടെൻസൺ പൂതക്കുഴി OFS എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു. രാവിലെ 9.30-ന് വി. കുർബാനയോടെ ആരംഭിച്ച തിരഞ്ഞെടുപ്പ് യോഗം ഉച്ച കഴിഞ്ഞ് 2.00 മണിക്ക് സമാപിച്ചു. തിരഞ്ഞെടുക്കപ്പെട്ട എല്ലാ പ്രതിനിധികൾക്കും അഭിനന്ദനങ്ങൾ.

*Director*

## സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

### *SV 9 /2016* പ്രസിഡന്റ്സ് മീറ്റ്

രൂപതയിലെ എല്ലാ കോൺഫ്രൻസ് പ്രസിഡന്റുമാരുടേയും യോഗം ജൂൺ മാസം 25-ാം തീയതി തൊടുപുഴ ഓസാനാം ഹോമിൽ വച്ചു നടന്നു. രൂപതാ പ്രസിഡന്റ് അഡ്വ. ബാബു കുമ്പളാങ്കലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം നാഷണൽ കൗൺസിൽ പ്രസിഡന്റ് ഡോ. ജോൺസൺ വർഗീസ് ഉദ്ഘാടനം ചെയ്തു. 110 കോൺഫ്രൻസ് പ്രസിഡന്റുമാരും 12 ഏരിയാ കൗൺസിൽ പ്രസിഡന്റുമാരും സെൻട്രൽ കൗൺസിൽ അംഗങ്ങളും യോഗത്തിൽ സംബന്ധിച്ചു. കോതമംഗലം രൂപതയിലെ സൊസൈറ്റിയുടെ വിൻസെൻഷ്യൻ പ്രവർത്തനങ്ങളെക്കുറിച്ച് വിശദമായ ചർച്ചകൾ നടന്നു. DFC രൂപതാ ഡയറക്ടർ റവ. ഫാ. സ്കറിയ പുന്നമറ്റം ദീപിക ഫ്രണ്ട്സ് ക്ലബിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിച്ചു സംസാരിച്ചു.

*Animator*

## NESTT Programme

**Ph. 0485 - 2830033**

| | | |
|---|---|---|
| August 1 - 2 | - | Family Apostolate Animation Meeting |
| " 3 - 5 | - | Pre Marriage Course |

| | | | |
|---|---|---|---|
| " | 5 - 6 | - | Home Mission Counselling Training Programme |
| " | 6 | - | DFC Meeting |
| " | 13 | - | DCMS Junior Meet |
| " | 17 - 18 | - | Young Priests' Seminar |
| " | 17 - 19 | - | Pre Marriage Course |
| " | 20 - 21 | - | Trade Union Leaders' Meeting |
| " | 26 - 28 | - | CML Lead 2016 |

*Director*

## Festal Greetings

| | | | |
|---|---|---|---|
| Rev. Fr. | Athickal Pius | **August** | 21 |
| " | Malekandathil Pius | " | 21 |
| " | Kunnappillil Augustine | " | 28 |
| " | Padinjarekutt Augustine | " | 28 |
| " | Vattakkatt Augustine | " | 28 |

## വാർത്തയും വിശേഷങ്ങളും

### സീറോമലബാർ സഭയ്ക്ക് ഔദ്യോഗിക മൊബൈൽ ന്യൂസ് ആപ്പ്

സീറോമലബാർ സഭയുടെ പബ്ലിക് റിലേഷൻസ് ഓഫീസ് ഔദ്യോഗിക മൊബൈൽ ന്യൂസ് ആപ്പ് "സീറോമലബാർന്യൂസ്" എന്ന പേരിൽ ആരംഭിച്ചു. സഭയിലെ നാൽപ്പത്തഞ്ചു ലക്ഷത്തോളം വരുന്ന വിശ്വാസികൾക്കും, ലോകമാസകലമുള്ള എല്ലാ ജനങ്ങൾക്കും സഭാവാർത്തകളും പ്രതികരണങ്ങളും എത്രയും പെട്ടെന്ന് അറിയാൻ അവസരമൊരുക്കുക എന്ന ലക്ഷ്യത്തോടെയാണ് മൊബൈൽ ആപ്പ് സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നത്.

ആൻഡ്രോയ്ഡ്, ഐ ഫോൺ ഉപയോക്താക്കൾ പ്ലേ സ്റ്റോറിൽ നിന്നും 'സീറോമലബാർന്യൂസ്' ഡൗൺലോഡ് ചെയ്യുക. വിൻഡോസ് ആപ്ലിക്കേഷൻ ഉപയോഗിക്കുന്നവർക്ക് ഗൂഗിൾ വഴി സീറോമലബാർ ന്യൂസ് ആപ്പിൽ എത്താം. നിങ്ങളുടെ അഭിപ്രായങ്ങളും സംശയങ്ങളും syromalabarpro@gmail.com എന്ന വിലാസത്തിൽ അറിയിക്കുക. റവ. ഫാ. ജിമ്മി പൂച്ചക്കാട്ട് ആണ് ഇപ്പോൾ സീറോമലബാർ സഭയുടെ ഔദ്യോഗിക വക്താവ്.



### ബേസിക് കൗൺസലിംഗ് കോഴ്സ്

കദളിക്കാട് തെക്കുംമല കൃപാനിലയത്തിൽ വച്ച് ഹോളിഫാമിലി സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ കാലിക്കട്ട് യൂണിവേഴ്സിറ്റിയുടെ ക്രിസ്ത്യൻ ചെയറിന്റെ അഫീലിയേഷനോടുകൂടെ നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സിലേയ്ക്ക് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. എല്ലാ രണ്ടാം ശനിയാഴ്ചയും നാലാം ശനിയാഴ്ചയും 9.30 am മുതൽ 1.30 pm വരെയാണ് ക്ലാസ്സുകൾ. പ്രഗത്ഭരായ വ്യക്തികൾ വ്യത്യസ്ത വിഷയങ്ങളിൽ ക്ലാസ്സുകൾ നയിക്കുന്നു. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ കൂടുതൽ വിവരങ്ങൾക്ക് താഴെ പറയുന്ന നമ്പറിൽ വിളിക്കുക.

Phone: 9447536442

N.B. അപേക്ഷ വയ്ക്കേണ്ട അവസാന തീയതി ആഗസ്റ്റ് 13 ശനിയാഴ്ച.

## രൂപതാദ്ധ്യക്ഷന്റെ ഡയറി

**ജൂൺ**

16 • കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടന്ന ലിറ്റർജിക്കൽ കമ്മീഷന്റെ മീറ്റിംഗിൽ പങ്കെടുത്തു.

17 • ഊന്നുകൽ സ്നേഹഗിരി മിഷനറി സിസ്റ്റേഴ്സിന്റെ പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

18 • മൂവാറ്റുപുഴ NESTT-ൽ വച്ച് നടന്ന കോതമംഗലം രൂപതാ KCSL മീറ്റിംഗിൽ പങ്കെടുക്കുകയും പുതിയ അദ്ധ്യയന വർഷത്തിലെ പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

• ചെപ്പുകുളം ഇടവകയിൽ വച്ച് DFC -യുടെ ആഭിമുഖ്യത്തിൽ ചെപ്പുകുളം ഇടവകയെ സമ്പൂർണ്ണ ദീപിക ഇടവകയായി പ്രഖ്യാപിക്കുന്ന ചടങ്ങിൽ പങ്കെടുത്തു.

19 • തൃക്കാരിയൂർ സെന്റ് തോമസ് ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

20 • പള്ളിക്കാമുറി ഇടവക കൂനംമാക്കൽ എമ്മാനുവേൽ (അമോൽ) കൊച്ചുത്രേസ്യ (ലിൻസി) ദമ്പതിമാരുടെ വിവാഹം കരിമണ്ണൂർ പള്ളിയിൽ വച്ച് ആശീർവദിച്ചു.

21 • കല്ലൂർ ഇടവകാംഗവും രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗവുമായ

ശ്രീ. ലൂക്കാച്ചൻ നമ്പ്യാപറമ്പിലിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് കലൂർ പള്ളിയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

- MSJ പ്രൊവിൻഷ്യൽ ഹൗസിൽ സി. ഹ്യൂബർട്ടിന്റെ മൃതസംസ്കാരശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

22 • കരിമണ്ണൂർ St. Joseph's H.S.S -ൽ വച്ച് "മെറിറ്റ് ഡേ" എന്ന പേരിൽ നടത്തപ്പെട്ട മീറ്റിംഗിൽ പങ്കെടുക്കുകയും 2015-2016 അദ്ധ്യയന വർഷത്തിൽ കരിമണ്ണൂർ സ്കൂളിൽ നിന്നും SSLC, +2 പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും A+ വാങ്ങിയ വിദ്യാർത്ഥികളെ അനുമോദിക്കുകയും ചെയ്തു.

24 • കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടന്ന സെമിനാരി കമ്മീഷന്റെ മീറ്റിംഗിൽ പങ്കെടുത്തു.

25 • SD പ്രൊവിൻഷ്യൽ ഹൗസിൽ "കമ്മ്യൂണിറ്റി ഡേ" യോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

- നിർമ്മല ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന കോതമംഗലം രൂപത ഫാമിലി അപ്പോസ്റ്റലേറ്റ് പ്രതിനിധി സംഗമം ഉദ്ഘാടനം ചെയ്തു.
- മാറാടി ഇടവകയിൽ ഇടവക ജനങ്ങളുടെയും ഭക്തസംഘടനകളുടെയും സഹകരണത്തോടെ നിർമ്മിച്ച ഭവനത്തിന്റെ വെഞ്ചിരിപ്പ് കർമ്മം നടത്തുകയും താക്കോൽദാനം നിർവ്വഹിക്കുകയും ചെയ്തു.

26 • ഏഴല്ലൂർ സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

29 • കോതമംഗലം ബിഷപ്സ് ഹൗസിൽ വച്ച് നടത്തിയ Eparchial Tribunal Meeting-ൽ അദ്ധ്യക്ഷത വഹിച്ചു.

30 • കുവൈറ്റിൽ പ്രവാസികളായി കഴിയുന്ന സീറോ മലബാർ സഭാ വിശ്വാസികളോടൊന്നിച്ച് ദുക്റാന തിരുനാൾ ആഘോഷങ്ങളിൽ പങ്കെടുത്തു.

**ജൂലൈ**

06 • കോതമംഗലം രൂപതാ Educational Agency-യുടെ ആഭിമുഖ്യത്തിൽ മൂവാറ്റുപുഴ നിർമ്മല ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് 2015 -2016 അധ്യയന വർഷത്തിൽ എല്ലാ വിഷയങ്ങൾക്കും A+ നേടിയ വിദ്യാർത്ഥികളെ അനുമോദിക്കുന്ന ചടങ്ങിൽ പങ്കെടുത്ത് വിദ്യാർത്ഥികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.

07 • സി.എം.ഐ സഭാംഗവും ജനറൽ കൗൺസിൽ അംഗവുമായ ബഹു. ജോർജ് താഞ്ചൻ സി.എം.ഐ അച്ചന്റെ മൃതശരീരത്തിങ്കൽ, കാക്കനാട് സി.എം.ഐ. പ്രിയോർ ജനറൽ ഹൗസിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.



09 • കോതമംഗലം മൈനർ സെമിനാരിയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

- എഫ്.സി.സി. സഭാംഗമായ സി. മേരി ഗോൾഡിന്റെ മൃതശരീരത്തിങ്കൽ, ഈസ്റ്റ് വാഴപ്പിള്ളി എഫ്.സി. മഠത്തിൽ വച്ച് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.
- മൂവാറ്റുപുഴ NESTT-ൽ വച്ച് നടന്ന ചെറുപുഷ്പ മിഷൻലീഗ് വാർഷിക കൗൺസിലിൽ പങ്കെടുത്ത് സന്ദേശം നൽകുകയും രൂപതയിലെ മികച്ച ശാഖകൾക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.
- മൂവാറ്റുപുഴ NESTT-ൽ വച്ച് നടന്ന നവാഗതരായ വിശ്വാസപരിശീലകർക്കുവേണ്ടി സംഘടിപ്പിച്ച പരിശീലന ക്ലാസ്സ് ഉദ്ഘാടനം ചെയ്തു.
- മൂവാറ്റുപുഴ NESTT-ൽ വച്ച് DCMS -ന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച മാതാപിതാക്കൾക്കുവേണ്ടിയുള്ള "Seniors Meet"-ൽ പങ്കെടുത്ത് മാതാപിതാക്കളെ അഭിസംബോധന ചെയ്ത് സംസാരിച്ചു.
- ആരാധനാസന്യാസിനി സമൂഹാംഗമായ സി. അൽബർത്തയുടെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് മാറിക മഠത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

10 • പുറപ്പുഴ സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിൽ ഇടയ സന്ദർശനം നടത്തി.

12 • മൂവാറ്റുപുഴ NESTT-ൽ വച്ച് നടന്ന കോതമംഗലം രൂപതാ വൈദികരുടെ Study Forum- ത്തിൽ പങ്കെടുത്തു.

- കലൂർ ഇടവകയിൽ വച്ച് നടത്തിയ ബൈബിൾ കൺവെൻഷനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

13 • ഊന്നുകൽ ഹൈറേഞ്ച് പബ്ലിക് സ്കൂളിൽ ഡി.സി.എൽ. കോതമംഗലം മേഖല പ്രവർത്തന വർഷത്തിന്റെയും "ദീപിക നമ്മുടെ ഭാഷാപദ്ധതി"യുടെയും ഉദ്ഘാടനം നിർവ്വഹിച്ചു.

- ഇരിങ്ങാലക്കുട രൂപത Bishop Emeritus അഭിവന്ദ്യ ജയിംസ് പഴയാറ്റിൽ പിതാവിന്റെ മൃതസംസ്കാരശുശ്രൂഷയിൽ പങ്കെടുത്തു.

14 • സി.എം.സി. സഭാംഗമായ സി. ഡാരിയയുടെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് വാഴക്കുളം കർമ്മലീത്താ മഠം കപ്പേളയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

- ആരക്കുഴ ഇടവകാംഗവും ബഹു. കണ്ടത്തിൽ ജോസ് അച്ചന്റെ

സഹോദരിയുമായ ഏലിക്കുട്ടി ടീച്ചറിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു.

## Bishop's Engagements

**AUGUST 2016**

| | | | | |
|---|---|---|---|---|
| 1-3 | Mon-Wed | | CLC Meeting | Kakkanadu |
| 4 | Thu | Baptism | Nakapuzha | 9.00 am |
| 4 | Thu | Meeting | Minor Seminary | |
| 5 | Fri | Meeting | NESTT | 6.00 pm |
| 6 | Sat | Holy Qurbana | St. Martha's Kadavoor | 6.30 am |
| | | Chapel Blessing | Nirmalgram Chenkara | 11.00 am |
| 8-12 | | KCBC | | |
| 13 | Sat | Baptism | Thuravoor | 10.30 am |
| | | Vestition | Holy Family Sisters | |
| | | | Holy Magi Forane Church | |
| | | | Muvattupuzha | 2.30 pm |
| 15 | Mon | Marriage | Thodupuzha | 11.00 am |
| | | Meeting | | |
| | | Grotto Blessing | MSJ Seminary | |
| 17-18 | | Young Priests' Seminar | NESTT | |
| 19 | Fri | KSSF Meeting | Adichira | 1.00 pm |
| 20 | Sat | Holy Qurbana | St. Martha's Convent Vettampara | 6.30 am |
| 20 | Sat | Baptism | Ayavana | 11.00 am |
| | | Meeting | St. Augustine's School | |
| | | | Kothamangalam | 2.30 pm |
| 22-Sep. 02 | | Synod - Major Archiepiscopal Assembly | | |

### നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| ഫാ. ജോർജ് ചാത്തംകോട്ട് | ചരമദിനം | 04-09-1998 |
| ഫാ. ജോർജ് കൊച്ചുപറമ്പിൽ (Sr.) | „ | 05-09-1986 |
| ഫാ. പോൾ മേക്കുന്നേൽ | „ | 06-09-1956 |
| ഫാ. പോൾ മണ്ഡപം | „ | 08-09-2005 |
| ഫാ. ജോസഫ് കക്കുഴിയിൽ | „ | 11-09-2000 |
| ഫാ. വർഗീസ് മൊതകുന്നേൽ | „ | 13-09-2007 |
| ഫാ. ഐസക് കപ്യാരുമലയിൽ | „ | 14-09-2005 |
| ഫാ. സെബാസ്റ്റ്യൻ മഠത്തിനാൽ | „ | 17-09-1999 |
| ഫാ. വർഗീസ് മണിയാട്ട് | „ | 17-09-1977 |
| ഫാ. ജോൺ വള്ളമറ്റം | „ | 19-09-2005 |
| ഫാ. അഗസ്റ്റിൻ നന്ദലത്ത് | „ | 22-09-2013 |
| ഫാ. സിറിയക് താഴത്തുവീട്ടിൽ | „ | 23-09-2012 |
| ഫാ. മാത്യു വെളിയപ്പിള്ളി | „ | 24-09-1998 |
| ഫാ. പൗലോസ് കാക്കനാട്ട് | „ | 29-09-1975 |



## നിര്യാതരായി

### റവ. സി. കാതറൈൻ FCC (മുണ്ടോളിയ്ക്കൽ)

ഇടവക : വണ്ടമറ്റം
ജനനം : 16-05-1933
ആദ്യവ്രതം : 02-06-1955
നിത്യവ്രതം : 11-05-1959
മരണം : 01-07-2016
മൃതസംസ്കാരം : 02-07-2016 (ഈസ്റ്റ് വാഴപ്പിള്ളി)

### റവ. സി. മേരി ഗോൾഡ് FCC (പെരിങ്ങാരപ്പിള്ളിൽ)

ഇടവക : പോത്താനിക്കാട്
ജനനം : 30-03-1937
ആദ്യവ്രതം : 11-05-1959
നിത്യവ്രതം : 11-05-1962
മരണം : 08-07-2016
മൃതസംസ്കാരം : 09-07-2016 (ഈസ്റ്റ് വാഴപ്പിള്ളി)

### റവ. സി. അൽബർത്ത SABS (കുറ്റിക്കാട്ട്)

ഇടവക : കൊരട്ടി
ജനനം : 14-07-1927
ആദ്യവ്രതം : 11-01-1955
നിത്യവ്രതം : 15-04-1959
മരണം : 08-07-2016
മൃതസംസ്കാരം : 09-07-2016 (മാറിക)